# ജാമക്കാരൻ

W A T C H M A N



കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയരേ നിങ്ങൾക്കു ഏവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ!**

കഴിഞ്ഞ മാസങ്ങളിൽ നടന്ന എല്ലാ ദൈവവേലയേയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചു.ജനങ്ങളുടെ ഇടയിൽ ധാരാളം അത്ഭുതങ്ങളും മാനസാന്തരവും ഉണ്ടായി. ദൈവനാമം മഹത്വപ്പെടട്ടെ.

2015 ഏപ്രിൽ മാസത്തിൽ നിന്ന് വായനക്കാരുടെ അപേക്ഷകളും ആഗ്രഹങ്ങളേയും മാനിച്ചു. ഓരോ മാസവും ജാമക്കാരൻ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി പല വർഷങ്ങളായി എന്നെ ഉത്സാഹപ്പെടുത്തി നിർബന്ധിച്ച് വായനക്കാരായ വിശ്വാസികൾക്ക് നന്ദി കരേറ്റുന്നു. അതു മാത്രമല്ല, ജാമക്കാരൻ മാസിക തമിഴ് – മലയാളം രണ്ടു ഭാഷകളിലും എല്ലാ മാസവും പ്രസിദ്ധീകരിക്കുവാൻ സെൻട്രൽ ഗവൺമെന്റിന്റെ നിർദ്ദേശവും മറ്റൊരു കാരണമാകുന്നു.

എന്റെ ദൈവവേലയിൽ മാസത്തിൽ 3 ആഴ്ച കൺവെൻഷനുവേണ്ടി പട്ടണങ്ങളിലും ഒരു ആഴ്ച വനത്തിന്റെ ഉള്ളിൽ ആദിവാസികളുടെ ഇടയിലുമായി പ്രവർത്തിച്ചു വരുന്നു. ഈ നിലയിൽ എനിയ്ക്കു മലയാള തർജ്ജിമയ്ക്കു സമയം കണ്ടെത്തുവാൻ സാധിക്കാത്തതുകൊണ്ടു ഒന്നിടവിട്ട് തമിഴും മലയാളവുമായി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. ഇതേ കാരണം കൊണ്ട് ഇംഗ്ലീഷിലും ജാമക്കാരൻ പ്രസിദ്ധീകരിയ്ക്കുവാൻ സാധിക്കാതെ പോയി. ഇതുവരെ മാസിക പ്രസിദ്ധീകരിക്കുവാൻ സാമ്പത്തികം ഞങ്ങൾക്ക് പ്രശ്നമായി വന്നിട്ടില്ല. ദൈവകൃപയും നിങ്ങളുടെ സഹകരണവും അതിനൊരു കാരണമാകുന്നു. അതിനായി ദൈവത്തെ സ്തുതിക്കുന്നു.

# MAY 2015

* മലയാള മാസിക തർജ്ജിമയ്ക്കു വേണ്ടി മാസ്സാമാസം എനിയ്ക്കു ബുദ്ധിമിട്ടില്ലാത്തവണ്ണം തർജ്ജിമ ചെയ്ത വിവരം ഇ-മെയിൽ വഴിയായി സേലത്തിലുള്ള എന്റെ ആഫീസിൽഎത്തിക്കാനുള്ള നവീന വഴികൾ ഉള്ളതുകൊണ്ട് താമസം ഉണ്ടാകാതെ ഓരോ മാസവും, ജാമക്കാരൻ മാസിക തുടർന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്ന് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഇത് വിജയിച്ചാൽ ഇംഗ്ലീഷിലും ജാമക്കാരൻ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിയ്ക്കുന്നു.

* **എന്റെ ജാമക്കാരനെ ഇംഗ്ലീഷിൽ തർജ്ജിമ ചെയ്തു അയച്ചു തരാൻ ആരെങ്കിലും മുമ്പോട്ടു വരുംമെങ്കിൽ വളരെ ഉപകാരമായിരിക്കും.** ഇപ്പോൾ ജാമക്കാരൻ മാസികയുടെ എണ്ണം വർദ്ധിച്ചു. അതിന്റെ പ്രധാന കാരണം എന്നെ കുറ്റം പറയുന്ന ആത്മാവ് ലഭിച്ചവൻ എന്നും തെറ്റിദ്ധരിച്ച ധാരാളം പേർ ഇപ്പോൾ എന്നെയും എന്റെ മാസികയിൽ വരുന്ന വാർത്തകളുടെ യഥാർത്ഥ്യത്തെയും മനസ്സിലാക്കിയത് മറ്റൊരു കാരണമാകുന്നു. കഴിഞ്ഞ പല മാസങ്ങളായി ബിഷപ്പുമാരിൽ ചിലരും, അച്ചൻമാരിൽ പലരും എന്റെ ദൈവവേലയ്ക്കു വഴിപാടുകളെ അയച്ചതായും ഓർക്കുമ്പോൾ ഹൃദയംഗമായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇവരുടെ ഈ സഹായം എന്റെ ദൈവവേലയ്ക്കുള്ള മാനുഷിക അംഗീകാരമാകുന്നു.

അത് മാത്രമല്ല ജാമക്കാരനിൽ ഞാൻ എഴുതുന്ന വേദപഠനവും ആത്മീയ ആലോചന യെയും തുടർന്നു വായിച്ചറിയേണം എന്നുള്ള ബോദ്ധ്യവും (Awarness) ഉണ്ടായതിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

* ഈ വർഷം (2015) പരീക്ഷയിൽ പാസ്സായി പുതിയ ക്ലാസുകളിൽ പോകുന്നവർക്ക് വേണ്ടിയും, കോളേജ് അഡ്മിഷനുവേണ്ടി / പുതിയ ജോലിക്കുവേണ്ടി ശ്രമിക്കുന്നവർക്കായും 2015 ജൂൺ മാസം 2-ാം തീയതി പ്രത്യേക പ്രാർത്ഥന ക്രമീകരിച്ചിട്ടുണ്ട്.

## ഭൂമികുലുക്കം (ഭൂകമ്പം) :

നേപ്പാളിൽ 2015 ഏപ്രിൽ 25 മുതൽ 27 വരെ തുടർച്ചയായി ഉണ്ടായ ഭൂമി കുലുക്കത്തിൽ മരിച്ചവരുടെ എണ്ണം 10,000 കവിഞ്ഞുക്കൊണ്ടിരിക്കുന്നു. അതിനെ തുടർന്ന് ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും, കേരളത്തിൽ എറണാകുളത്തുവരെ ഭൂമികുലുക്കം അനുഭവപ്പെട്ടതായി വാർത്തകൾ കേട്ടുകൊണ്ടിരിക്കുന്നു. ലോകത്തിൽ ഏറ്റവും ഉയരം കൂടിയ ഹിമാലയപർവ്വതം മുഴുവനും അത് ചുറ്റുമുള്ള പ്രദേശങ്ങളും കുലുങ്ങിക്കൊണ്ടിരിക്കുന്നു. മത്തായി സുവിശേഷം 24-ാം അദ്ധ്യായത്തിൽ യേശുക്രിസ്തു ലോകാവസാനത്തിന്റെ അടയാളമായി പറഞ്ഞ പല സംഭവങ്ങളിൽ ഒന്ന് ഈ ഭൂമികുലുക്കം ആകുന്നു. ഇതിനാൽ ബാധിക്കപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി, പ്രത്യേകിച്ചു വീടു നഷ്ടപ്പെട്ടവർ, മൈതാനങ്ങളിൽ കുഞ്ഞുങ്ങളോടു കൂടി കഴിയുന്ന ജനങ്ങൾക്കുവേണ്ടി, മരിച്ചവരുടെ കുടുംബങ്ങൾക്കു

വേണ്ടിയും അവരുടെ പുനരധിവാസത്തിനായും, നമുക്കു പ്രാർത്ഥിക്കാം. ഇന്ത്യയും ലോകരാജ്യങ്ങളും നേപ്പാളിനുവേണ്ടി സഹായിച്ചുകൊണ്ടിരിക്കുന്നു. ഇവരിൽ നിന്നും ആ ജനങ്ങൾക്കു ഭൗതീക സഹായം മാത്രമേ കിട്ടൂ. **സമാധാനവും,ആശ്വാസവും യേശുക്രിസ്തുവിൽ** നിന്നു മാത്രമേ ലഭിക്കുകയുള്ളൂ. ഈ അപകട സ്ഥിതിയിൽ യേശുക്രിസ്തുവിനെ കണ്ടുമുട്ടുവാനും അപേക്ഷിക്കുവാനും ദൈവം ഇവരെ ഉണർത്തുമാറാകട്ടെ.

□ ലോകത്തിലെ ഹൈന്ദവരാജ്യം എന്ന് വിളിക്കപ്പെടുന്ന രാജ്യം നേപ്പാൾ മാത്രമാണ്. ജനങ്ങൾ സഞ്ചരിക്കുന്ന വീഥികളിൽ എല്ലാം ശിവലിംഗങ്ങൾ കാണപ്പെടും. ദേശമെല്ലാം ഹൈന്ദവ അമ്പലങ്ങളും, വിഗ്രഹങ്ങളും നിറഞ്ഞിരിക്കുന്നു.

ഭൂമികുലുക്കം ലോകത്തിന്റെ അവസാനമായി യേശുക്രിസ്തു മുന്നറിയിച്ചാലും, ലോകത്തിന്റെ അവസാനം വരികയില്ല. ഇതുപോലെയുള്ള ഭൂമികുലുക്കം 4000നി-ൽ അധികം സംഭവിച്ചുകഴിഞ്ഞു. എന്നിട്ടും ലോകവസാനം വന്നിട്ടില്ല. അതേ യേശുക്രിസ്തു പറഞ്ഞത് (മത്തായി 24:14) ലോകത്തിലുള്ള സകല ജാതികൾക്കും സുവിശേഷം അറിയിച്ചശേഷം ലോകാവസാനം സംഭവിക്കും. അതുകൊണ്ട് ഇന്ന് മിഷണറി പ്രവർത്തനവും സുവിശേഷം അറിയാത്തവർക്കു സുവിശേഷം അറിയിക്കുന്നതിനുമാണ് പ്രാധാന്യം. ഇങ്ങനെയുള്ള ദൈവവേലയ്ക്കു നമ്മുടെ വഴിപാടും സഹായങ്ങളും കൊടുക്കുന്നതിന് പ്രാധാന്യം കൊടുക്കണം. പ്രാർത്ഥനയോടെ ഞാൻ ഈ ലേഖനത്തെ അവസാനിപ്പിക്കുന്നു. ദൈവം നിങ്ങൾക്കു ഏവർക്കും സമാധാനം നൽകട്ടെ!

**- ഡോ.പുഷ്പരാജ്**

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# തൂവെള്ള വസ്ത്രത്തിലെ ഒരു കറുത്ത പുള്ളി



പാസ്റ്റർ സുന്ദരം എന്ന ദൈവദാസൻ 1949-ൽ ആരംഭിച്ച (ACA) അപ്പൊസ്തലിക ചർച്ച് അസംബ്ലിയാണ് തമിഴ്നാട്ടിലെ ആദ്യത്തെ വലിയ സഭ. പാസ്റ്റർ സുന്ദരം അവർകൾ കോയമ്പത്തൂർ എന്ന സ്ഥലത്തു നിന്ന് ചെന്നൈയിലേക്ക് ദൈവവിളി അനുസരിച്ച് വന്ന് സഭ ആരംഭിച്ചപ്പോൾ നാലു (4) ഭിക്ഷക്കാരെ വിളിച്ച്, അവർക്ക് ഭക്ഷണം കൊടുത്ത്, ആരാധനക്കിരുത്തി, നാളുകൾക്ക് ശേഷം പാസ്റ്റർ സുന്ദരം അവർകളുടെ സഭ തമിഴ്നാട്ടിലെ തന്നെ ഏറിയ വിശ്വാസികൾ ഉള്ള വലിയ സഭയായി മാറി.

1968-ൽ ഡിസംബർ മാസത്തിൽ സഹോ: ദിനകരൻ എന്നെ, ഒരു പ്രശസ്തനായ കൺവെൻഷൻ പ്രസംഗികനെന്ന് പാസ്റ്റർ സുന്ദരത്തിന് പരിചയപ്പെടുത്തുകയുണ്ടായി. അതിന് ശേഷം ഇടയ്ക്കിടെ പാസ്റ്റർ അവർകളോടു അടുത്തിടപഴകിയില്ലെങ്കിലും ഒന്നുരണ്ടുപ്രാവശ്യം തിരുവചനത്തിന്റെ ആത്മീയമായ സംശയനിവാരണ ത്തിനായി പാസ്റ്ററെ സന്ദർശിച്ച് ദീർഘസമയം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. മറ്റു പലരിൽ നിന്നും അദ്ദേഹം എന്നെ കുറിച്ച് കൂടുതൽ കേട്ടറിഞ്ഞിട്ടുമുണ്ട്.



ഇന്ത്യയിൽ ആദ്യമായി മുഴുരാത്രി പ്രാർത്ഥന ഞാനും, പാസ്റ്റർ ജീവാനന്ദം, സഹോ.ദിനകരൻ, ബഹുമാന്യനായ വേദനായകം ശാസ്ത്രികൾ, തുടങ്ങിയ നാലുപേർ ചേർന്ന് ചെന്നൈ സെൻട്രൽ റയിൽവേ സ്റ്റേഷനരികെയുള്ള V.P ഹാളിൽ ആരംഭിച്ചു. അപ്രകാരം മുഴുരാത്രി പ്രാർത്ഥന നടത്തുന്നതു പാസ്റ്റർ.സുന്ദരത്തിനു ഇഷ്ടപ്പെട്ടില്ലാ എന്ന് സഹോ.ദിനകരൻ പറഞ്ഞു കേട്ടു. എന്നിരുന്നാലും ആ പ്രാർത്ഥനയ്ക്കു ഞാൻ ചെന്നൈയ്ക്കു ചെല്ലുമ്പോൾ പാസ്റ്റർ സുന്ദരം അവർകളെ സന്ദർശിച്ചു പ്രാർത്ഥിച്ചു മടങ്ങുന്നത് പതിവാണ്.

സഹോ.ദിനകരൻ വളരെയധികം ബഹുമാനിക്കുന്ന പ്രമുഖ ദൈവവേലക്കാരാണ് പാസ്റ്റർ.**സുന്ദരം, പാസ്റ്റർ വാസു** എന്നിവർ.

സഹോ.ദിനകരന്റെ മകൾ മരിച്ചപ്പോൾ ആ മരണം ദൈവത്തിന്റെ മുന്നറിയിപ്പു എന്ന് ധൈര്യമായി നേരിൽ പറഞ്ഞ ഏക ശുശ്രൂഷകൻ, പാസ്റ്റർ സുന്ദരം അവർകളാണ്. പാസ്റ്റർ സുന്ദരം

അവർകളുടെ മരണശേഷം ആ സഭയിൽ ഈവനിംഗ് പ്രയറിൽ മാത്രം പ്രസംഗിച്ചുകൊണ്ടിരുന്ന പാസ്റ്റർ സാം സുന്ദരം (പാ.സുന്ദരം അവർകളുടെ ഭാര്യസഹോദരൻ) 1989-ൽ ആ സഭയുടെ (Senior) മുഖ്യ പാസ്റ്ററായി ചുമതല ഏറ്റെടുത്ത് ശുശ്രൂഷ വിശാലമാക്കി. സഭയ്ക്കായി വേറെ സ്ഥലങ്ങൾ കോടിക്കണക്കിനു രൂപയ്ക്ക് വാങ്ങി ആരാധന വളരെ നന്നായി നടത്തിക്കൊണ്ടിരുന്നു.

## പാസ്റ്റർ സാം സുന്ദരം രോഗശയ്യയിൽ

കൈകാലുകൾ തളർന്നു പാസ്റ്റർ സാം സുന്ദരം രോഗശയ്യയിലായി. ഓർമ്മശക്തിയും കുറേശ്ശെയായി നഷ്ടപ്പെടുവാൻ ആരംഭിച്ചു. കിഡ്നിയുടെ പ്രവർത്തനവും തകരാറിലായി. അപ്പോളോ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു.

## പാസ്റ്റർ കാലേബ് ജോഷ്വായുടെ തെറ്റായ നിയമനം - അത് അംഗീകരിക്കുവാൻ കഴിയാത്ത നിയമനം

പാസ്റ്റർ സാം സുന്ദരം അവർകൾ രോഗശയ്യയിലായ ഉടൻ തന്നെ പാസ്റ്റർ സുന്ദരം (സ്ഥാപക പാസ്റ്റർ) അവർകളുടെ പൗത്രൻ അമേരിക്കയിലായിരുന്ന കാലേബ് ജോഷ്വയെ പെട്ടെന്ന് വിളിച്ചു വരുത്തി. ഞായറാഴ്ച ആരാധനയിൽ പാസ്റ്ററായി അഭിഷേകം ചെയ്തു. അപ്പോൾ തന്നെ സഭയിലുള്ള മുതിർന്ന മൂന്നു പാസ്റ്റർമാരിൽ ആരെങ്കിലും ഒരാൾ പ്രധാന പാസ്റ്ററായി ചുമതല ഏൽക്കണം എന്ന ആവശ്യം ഉന്നയിച്ച് പ്രശ്നം ഉണ്ടാക്കി. എന്നാൽ അത് പരാജയപ്പെട്ടു.



**Pastor.കാലേബ് ജോഷ്വ & Sis.**ഗെത്ത്സി

അന്നു ഞാൻ ജാമക്കാരനിൽ എഴുതിയത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ. പ്രശ്നങ്ങളുടെ മദ്ധ്യേ കാലേബ് ജോഷ്വാ അവർകളെ പ്രധാന പാസ്റ്ററായി നിയമിച്ചു കഴിഞ്ഞതിനാൽ ഇനി വാഗ്വാദങ്ങൾ...വാക്കുതർക്കങ്ങൾ പ്രശ്നങ്ങൾ ഒന്നും ഉണ്ടാക്കാതെ പാസ്റ്റർ സുന്ദരം വളർത്തിയതായ സഭയിൽ ഉൾപ്പെട്ട പാസ്റ്റർമാർ സഹോദരീ സഭകളിലെ പാസ്റ്റർമാർ സഭാവിശ്വാസികൾ എല്ലാവരും പാസ്റ്റർ കാലേബിന്റെ ശുശ്രൂഷയെ സമാധാനത്തോടെ കൈത്താങ്ങു നൽകി ബലപ്പെടുത്തുക. അനുഭവസ മ്പത്തില്ലാത്ത, പ്രായത്തിൽ കുറഞ്ഞ,യൗവനക്കാരനായതു കൊണ്ട് മുതിർന്ന പാസ്റ്റർമാർ അദ്ദേഹത്തിന് ആവശ്യമായ ഉപദേശം നൽകി നടന്ന സംഭവങ്ങളൊക്കെയും മറന്നു. (ക്ഷമിച്ച്) നല്ല സഭ, സാക്ഷ്യം നക്ഷ്ടപ്പെടുത്താത്ത വിധത്തിൽ. പാസ്റ്റർ കാലേബിനോടുകൂടി യോജിച്ച് മുതിർന്ന പാസ്റ്റർമാർ സഭാവളർച്ചയ്ക്കായ് സഹായിക്കണം എന്നെഴുതിയിരിക്കുന്നു.

എന്നാൽ അന്നു തന്നെ കാലേബിന്റെ നിയമനം അംഗീകരിക്കയില്ല. തങ്ങൾ കോടതിയെ സമീപിക്കും എന്ന് പറഞ്ഞവരെ ഞാൻ ഫോണിൽകൂടെ സംസാരിച്ച് സമാധാനിപ്പിച്ചു. കോടതിയെ

സമീപിക്കുവാൻ തീരുമാനിച്ചവരുടെ പക്ഷത്തും ന്യായമുണ്ടായിരുന്നു. സഭയിൽ അനുഭവജ്ഞാനമുള്ള വിരമിച്ച പാസ്റ്റർമാർ ഉണ്ടായിരിക്കെ, അനുഭവജ്ഞാനമുള്ള **പാസ്റ്റർ ഹെന്റി ജോസഫ്,** പാസ്റ്റർ **മോഹൻ** തുടങ്ങിയവർ സമീപത്തുണ്ടായിരിക്കേ അവരാരെങ്കിലും കൊണ്ട് കാലേബ് ജോഷ്വയെ **കൈവെപ്പിനാൽ** പ്രാർത്ഥിച്ച് പ്രധാന പാസ്റ്ററായി നിയമിക്കാമായിരുന്നു. എന്നാൽ നടന്നതോ തികച്ചും തെറ്റായ രീതിയായിപ്പോയി. അതായത് പെന്തകോസ്തുസഭയുമായി ഒരു ബന്ധവുമില്ലാത്ത ലൂഥറൻ, സി.എസ്.ഐ സഭയിലുൾപ്പെട്ട, ഒരു സുവിശേഷകനായ സഹോ.**ജോൺ സോളമൻ** പെന്തകോസ്തു സഭയിലെ ഒരു പ്രധാന പാസ്റ്ററെ നിയമിക്കുവാൻ തന്റെ കൈകൾവെച്ച് അഭിഷേകം ചെയ്യുന്നത് പെന്തകോസ്തു സഭയിൽ പതിവില്ലാത്ത ഒന്നാണ്. അത് പെന്തകോസ്തു സഭക്കാർ അംഗീകരിക്കാത്ത ഒരു സംഭവമായി മാറി.

സഹോ.ജോൺ സോളമൻ അവർകൾ എന്നെപ്പോലെ ഒരു സാധാരണ സുവിശേഷകൻ ആണ്. പെന്തകോസ്ത് അല്ലാത്ത സഭയിലുള്ള ആൾ ഇതുപോലെ വലിയ പെന്തകോസ്തു സഭയുടെ പ്രധാന പാസ്റ്ററായി ചുമതലയേൽക്കാൻ ഒരുവനെ കൈവച്ച് പ്രാർത്ഥിച്ച് അഭിഷേകം ചെയ്യുന്നതു പെന്തകോസ്തു സഭകളിൽ അനുവദിക്കുന്നില്ല.

കാലേബിന്റെ പ്രധാന പാസ്റ്റർ പദവി അംഗീകരിക്കയില്ല എന്ന് പറഞ്ഞ് കോടതിയെ സമീപിക്കുവാൻ തീരുമാനിച്ചവരെ എന്റെ ചില സ്നേഹിതർ മുഖേന വിലക്കി. എന്നാൽ ഞാൻ നല്ല ആത്മീയസഭ കോടതിയെ സമീപിക്കരുത് എന്ന് കരുതി ഭാരപ്പെട്ടു. പക്ഷേ അതിനേക്കാൾ മോശമായി സാക്ഷ്യമില്ലാത്ത രീതിയിൽ സഭാരാധന തന്നെ നടത്തുവാൻ കഴിയാത്ത വിധം പ്രവർത്തിച്ചതും നിയമസഭയിൽ രാഷ്ട്രീയക്കാർ ചെയ്യുന്നതുപോലെ മൈക്ക് നശിപ്പിക്കുന്നത് പാസ്റ്ററിനെ പിടിച്ചു തള്ളുക തുടങ്ങിയ സിനിമയിലെ രംഗംപോലെ അവരുടെ മൊബൈലിൽ മററുള്ളവർക്ക് അയച്ചു പ്രചരിപ്പിച്ചു. തമിഴ്നാട്ടിൽ എല്ലായിടത്തും വളരെ മോശമായ രീതിയിൽ പരിഹാസവിഷയമായി.

## കിംവദന്തികൾ

ഞങ്ങളുടെ പാസ്റ്ററിനെ വീട്ടുതടങ്കലിലാക്കിയിരിയ്ക്കുന്നു എന്ന വാർത്ത, ചെക്കുകളിൽ പാസ്റ്റർ സാം സുന്ദരിത്തിനെക്കൊണ്ട് ഭീഷണിപ്പെടുത്തി ഒപ്പിടുവിച്ചു എന്നു തുടങ്ങി പലവിധ വാർത്തകൾ കാട്ടുതീപോലെ തമിഴ്നാട്ടിൽ പ്രചരിച്ചു.

ഇതിന്റെയൊക്കെ പിന്നിൽ പാസ്റ്റർ കാലേബിന്റെ പരിജ്ഞാനക്കുറവാണ് കാരണം. പാസ്റ്ററിന്റെ ആരോഗ്യനില ശരിയല്ല. സഭാജനങ്ങൾ പാസ്റ്ററിനെ നേരിൽ കാണുവാൻ ആഗ്രഹിച്ചിട്ടും കാണുവാൻ അനുവദിയ്ക്കാത്തതുകൊണ്ട് പല തരത്തിലുള്ള വാർത്തകൾ ദിനപത്രങ്ങളിലൂടെ പ്രചരിച്ചു. ഭക്ഷണത്തിൽ മാരകമായ വിഷം, ക്രമേണ, ക്രമേണ ശരീരത്തെ ബാധിച്ചു മരിയ്ക്കത്തക്കവിധം നൽകപ്പെട്ടുവെന്നു പോലീസിന് പരാതി നൽകി. കാലേബിന്റെ ഭാര്യ ഗെത്ത്സിയുടെ സഭയിലെ പെരുമാറ്റവും, കോപത്തോടെ പറഞ്ഞ വാക്കുകളും,

സഭാജനങ്ങളെ വളരെയധികം കോപിഷ്ഠരാക്കി. മറ്റു മേധാവികളോട് കൂടെ സഭയിൽ വന്ന ഉയർന്ന പോലീസു അധികാരികളേപ്പോലും പാസ്റ്റർ സാം സുന്ദരത്തിനെ നേരിൽ കണ്ടു സംസാരിയ്ക്കുവാൻ അനുവദിച്ചില്ല. ഇതൊക്കെയും സാക്ഷിയില്ലാത്ത പ്രശ്നങ്ങളുടെ ഉച്ഛൃഘട്ടമാണ്. അവസാനത്തെ ശ്രമമായി പാസ്റ്റർ കാലേബിനെ മുറിയിൽ പൂട്ടിയിട്ടു. വേറൊരു വഴിയായിപാസ്റ്റർ സാം സുന്ദരത്തെ ഞായറാഴ്ച ആരാധനയിൽ വീൽചെയറിലിരുന്നു എല്ലാവരേയും കാണത്തക്കവിധത്തിൽ സംസാരിപ്പിച്ചു. ജീവനോടെ ഇരിയ്ക്കുന്നുവെന്നു ഉറപ്പാക്കി. ഇരച്ചു കയറിവന്ന പ്രശ്നങ്ങൾക്ക് താല്ക്കാിലക ശാന്തിയുണ്ടായി. പ്രചരിച്ച വാർത്തകൾ തെറ്റാണെന്നു തെളിയിയ്ക്കപ്പെട്ടു.

അടുത്ത കിംവദന്തി ഏതാണ്ട് 2000 കോടി രൂപ കാണിയ്ക്ക ഇനത്തിൽ സഭയുടെ വരുമാനം കാലേബിനാൽ കൊള്ളയടിയ്ക്കപ്പെടുമോയെന്നു സംശയിയ്ക്കപ്പെട്ടു. ആ ഒറ്റകാരണം കൊണ്ട് സഭയുടെ സ്വത്തുക്കൾ, സമ്പത്ത് അന്യർ അനുഭവിയ്ക്കുന്നതിനെക്കാൾ സ്വന്തം ചെറുമകൻ അനുഭവിയ്ക്കും എന്ന ഉദ്ദേശം ഉണ്ടെങ്കിലും കുടുംബഭരണം പോലെ സ്വന്തമക്കൾ ചെറുമക്കൾ ബന്ധുമിത്രാദികൾ അല്ലെങ്കിൽ വളർത്തുമക്കൾ, രാഷ്ട്രീയസമ്പത്ത് കൊള്ളയടിയ്ക്കുന്നത് പോലെ ഏ.സി.എ സഭയിൽ ചെയ്യുവാൻ സാധിയ്ക്കുകയില്ല. സ്ഥാപകനും, പ്രധാന പാസ്റ്ററുമായിരുന്ന പരേതനായ സുന്ദരം അവർകൾ ബുദ്ധിപൂർവ്വം സഭയുടെ സ്ഥാപരജംഗമവസ്തുക്കൾ, ധനം മുതലായവ ട്രസ്റ്റായി രജിസ്റ്റർ ചെയ്യാതെ സൊസൈറ്റി നിയമപ്രകാരം സഭയുടെ ധനമോ, വസ്തുവകകളെ ക്രയവിക്രയം ചെയ്യുവാനേ സ്വന്തമാക്കുവാനോ പാസ്റ്റർ കാലേബിനു പോലും അവകാശമില്ല. ജീവിയ്ക്കുന്ന അത്രയും നാൾ പണം കൈകാര്യം ചെയ്യാം. അതിനും സർക്കാരിന് കണക്ക് സൊസൈറ്റി ആക്ട് പ്രകാരം ബോധിപ്പിയ്ക്കേണ്ടതുണ്ട്.

പാസ്റ്റർ സാം സുന്ദരം നേരിട്ടു സഭയിൽ സംസാരിച്ചശേഷം കുറച്ചു ശാന്തതയുണ്ടായി. എന്നാൽ ഫെബ്രുവരി മാസം ആരാധന നടത്തുവാൻ അനുവദിയ്ക്കാതെ സ്റ്റേജിൽ നടന്ന പ്രശ്നങ്ങൾ സഭയിലെ യുവജനങ്ങളും, പുതിയ വിശ്വാസികളും സഭാജനങ്ങളും കണ്ടപ്പോൾ വഴക്കിനു കാരണമായ കാലേബിനേയും സ്റ്റേജിൽ കാലേബിന്റെ ഭാര്യയുടെ സംസാരവും കേട്ടവർ എന്തു വിചാരിയ്ക്കും ഇതിൽ ആത്മനിറവ്, അന്യഭാഷ ഒക്കെയും ഉണ്ടായിരുന്നു. എന്നാൽ ആത്മാവിന്റെ ഫലമിലാത്ത ആത്മാവിന്റെ സ്വഭാവമില്ലാത്ത കപടമായ ആത്മനിറവാണ് കാണപ്പെട്ടത് സഭാജനങ്ങളും പാസ്റ്റർമാരും ശണ്ഠയിടത്തക്ക രീതിയിൽ പാസ്റ്റർമാരുൾപ്പെടെ പ്രാർത്ഥനയിൽ പറഞ്ഞ അന്യഭാഷയ്ക്ക് എന്തർത്ഥമാണുള്ളത്. ഇത് സഭാജനങ്ങൾക്ക് ചിന്തിച്ചാൽ മനസ്സിലാകും ഗലാത്യർ ലേഖനത്തിൽ എഴുതിയിരിയ്ക്കുന്ന ആത്മാവിന്റെ ഫലം ആത്മാവിന്റെ സ്വഭാവങ്ങൾ എവിടെ? അവരിൽ വ്യാപരിച്ച ആത്മാവ് ഏതാണ്. ഇനിയെങ്കിലും പരിശുദ്ധാത്മാവിന്റെ നിറവ് ശബ്ദത്തിൽ പ്രകടിപ്പിയ്ക്കേണ്ട. അന്യഭാഷയിൽ കാണിയ്ക്കണ്ട മറിച്ച് ഫലത്തിൽ (സ്വഭാവത്തിൽ) കാണിയ്ക്കുക. ഇനിയെങ്കിലും കപടമായ അന്യഭാഷ ഭാഷണം വേണ്ട.

പാസ്റ്റർ സുന്ദരം ജീവനോടിരുന്നു എങ്കിൽ കണ്ണീരോടെ നിലവിളിച്ചു കരയുമായിരുന്നു. നമ്മെ രക്ഷിച്ച യേശു, കണ്ണീരൊഴുകുന്ന തൂവെള്ള വസ്ത്രത്തിൽ ഒരു ചെറിയ കറുത്ത പുള്ളിയാണ് എങ്കിലും കാണും. ഏ.സി.എ സഭാജനങ്ങൾ സാക്ഷ്യം നഷ്ടപ്പെടുത്തരുത്. C.S.I സഭകൾ ജീവനില്ലാത്ത സഭ എന്ന് അവർ പറയുന്നു. ഇപ്രകാരമുള്ള പെന്തകോസ്തു സഭകളിൽ ഇങ്ങനെയുള്ള കലഹങ്ങൾ, ജീവനില്ലാത്ത ശവം, ഭാഷ പറയുന്നതുപോലെ മറ്റുള്ളവർ വിചാരിയ്ക്കും.

## ദൈവം നമ്മെ പരിഹാസപാത്രമാകുവാൻ അനുവദിയ്ക്കയില്ല

പാസ്റ്റർ സാം സുന്ദരത്തിന്റെ മരണം പാസ്റ്ററുടെ കുടുംബാംഗങ്ങളും സഭാജനങ്ങളും പ്രതീക്ഷിയ്ക്കുന്നു. പ്രശ്നങ്ങൾ അണയാത്ത തീ പോലെ കാണപ്പെടുന്നു. തീ ഇനിയും കെട്ടടങ്ങിയിട്ടില്ല. എ.സി.എ സഭയ്ക്കായി തുടർന്നു പ്രാർത്ഥിയ്ക്കാം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## പാസ്റ്റർ സാം സുന്ദർ അവർകൾ കർത്താവിൽ നിദ്രപ്രാപിച്ചു

മുകളിൽ വായിച്ച ലേഖനങ്ങൾ ഞാൻ ഏപ്രിൽ മാസം എഴുതിയതാണ്. ACA പെന്തകോസ്ത് സഭയിലെ പ്രധാന പാസ്റ്റർ സാം സുന്ദർ അവർകൾ ചില മാസങ്ങളായി രോഗക്കിടക്കയിൽ കിടന്ന് 2015 മെയ് മാസം 7-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. ഇദ്ദേഹത്തിന്റെ മരണം മനോവേദന തന്നെയാണ് എന്നുള്ളത് തീർച്ചയാണ്. രോഗക്കിടക്കയിൽ തൻ കൺമുമ്പിൽ വെച്ച് കണ്ട കാഴ്ചകൾ, കൈയ്യേറ്റങ്ങൾ, വാഗ്വാദങ്ങൾ, പോലീസ് സഭക്കുള്ളിൽ കയറി വന്ന് നടത്തിയ അന്വേഷണം, ഞായറാഴ്ച ആരാധന നടക്കാതെ ആദ്യമായി സഭ മുടങ്ങിയത്, സഭ ഗേറ്റ് അടച്ചതും പാസ്റ്റർ അവർകളുടെ മനസ്സ് കൂടുതൽ വിഷമിപ്പിച്ചിരിക്കും എന്നുള്ളതിൽ സംശയമില്ല.



ACA സഭയിലെ യഥാർത്ഥ വിശ്വാസികൾക്ക് ദൈവം ആശ്വാസം നൽകുമാറാകട്ടെ. ഇപ്പോൾ ചുമതല ഏറ്റെടുത്തിരിക്കുന്ന സഭാപാസ്റ്റർ കാലേബ് അവർകളുടെ സ്വഭാവമാറ്റത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**www.jamakaran.com**

# ചോദ്യം - ഉത്തരം
# ഒരാഗ്രഹം

***ചോദ്യം : ഞാൻ പല വർഷങ്ങളായി ജാമക്കാരൻ വായനക്കാരനാണ്. എന്റെ ഒരാഗ്രഹം ജാമക്കാരൻ മാസികയിലെ പുറംകവർ മാത്രമെങ്കിലും വിലകൂടിയ പോളിഷ് പേപ്പറിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചാൽ ഭംഗിയായിരിയ്ക്കും. മറ്റുള്ള മാസികകളേ നോക്കുക. വളരെ ഉയർന്ന വിലയുള്ള പേപ്പർ ഉപയോഗിക്കുന്നു. നിങ്ങൾ ഒരു വാക്ക് സമ്മതിച്ചാൽ എത്ര ആയിരം പ്രതികൾ അച്ചടിക്കുന്നുവോ അതിനു ചിലവാകുന്ന തുക മാസാമാസം നിങ്ങൾക്കു അയച്ചു തരുന്ന ചുമതല ഞാൻ ഏറ്റെടുക്കുന്നു. ദയവായി സമ്മതിയ്ക്കു?***

ഉത്തരം : ഒരു സാധനം ഭംഗിയാക്കുക എന്നത് ഒരു വ്യാപാരതന്ത്രമാണ്. മറ്റു മാസികകളേക്കാൾ കവർ പേജ് ഭംഗിയായി കണ്ടാൽ അതിന്റെ ആകർഷണം അധികമായിരിക്കും. മറ്റു പേജുകളേക്കാൾ ആകർഷണമുള്ള പുസ്തകം പെട്ടെന്ന് വിറ്റുപോകും.

ഞാൻ ജാമക്കാരൻ പ്രസിദ്ധീകരിക്കുന്നത് പൊതുജനങ്ങൾക്ക് വിലയ്ക്കു വാങ്ങാനല്ല. പുസ്ത ചന്തയിൽ അധികം വില്പനയാകണം എന്ന ഉദ്ദേശത്തിലും അല്ലേ അല്ല. ജാമക്കാരൻ പ്രസിദ്ധീകരിക്കുന്ന വിഷയങ്ങൾ എങ്ങനെയെങ്കിലും വായനക്കാർ അറിയണം എന്നതാണ് എന്റെ ആഗ്രഹം. ജാമക്കാരൻ വില്പനയ്ക്കായി വെയ്ക്കുന്ന വ്യാപാരസാധനമല്ല. മറ്റു മാസികകളോടു മത്സരിച്ചു എണ്ണത്തിൽ കൂട്ടി പ്രസിദ്ധീകരിക്കണം എന്നതും എന്റെ ആഗ്രഹമല്ല. ജാമക്കാരൻ എന്റെ സ്വന്തം പണം ഉപയോഗിച്ചു പ്രസിദ്ധീകരിക്കുന്ന മാസികയുമല്ല. എന്റെ പ്രിയ വായനക്കാർ എല്ലാവരും തങ്ങളുടെ സംഭാവന മാസം തോറുമയച്ചു തന്നു മാസിക പ്രസിദ്ധീകരിയ്ക്കുന്ന ചിലവു ഏറ്റെടുത്തു ഇത്രയും വർഷങ്ങളായി കടമില്ലാതെ നടത്തിവരുന്നു. ജാമക്കാരൻ ലക്ഷക്കണക്കിന് ആളുകൾ വായിക്കുന്നുണ്ട്. കംപ്യൂട്ടർ, ഇന്റർനെറ്റ്, വെബ്സൈറ്റ് മൂലം ലക്ഷക്കണക്കിനാളുകൾ വായിക്കുന്നതായി വെബ്സെന്റർ നടത്തുന്നവർ പറയുന്നത് കേട്ടു ദൈവത്തെ സ്തുതിക്കുന്നു.

അതേസമയം മറ്റു മാസികകൾ മറ്റുള്ളവർ വിലകൂടിയ പേപ്പറിൽ പ്രസിദ്ധീകരിക്കുന്നതിന്റെ ഉദ്ദേശത്തെയും ഞാൻ കുറ്റം പറയുന്നില്ല. പരേതനായ സഹോ.ഡി.ജി.എസ് ദിനകരൻ അവർകൾ മേട്ടൂർ എന്ന സ്ഥലത്ത് SBI ബാങ്ക് ബ്രാഞ്ചു മാനേജരായിരുന്നപ്പോൾ യേശു വിളിയ്ക്കുന്നു എന്ന റേഡിയോ പ്രക്ഷോപണ പരിപാടി ആരംഭിക്കുവാൻ ഞാൻ മുഖാന്തിരമായി. അദ്ദേഹത്തിനു മുമ്പായി ഞാൻ റേഡിയോയിൽ പ്രസംഗിച്ചുകൊണ്ടിരുന്നു. സഹോ.ദിനകരൻ അവർകളും റേഡിയോയിൽ പ്രസംഗിയ്ക്കുവാൻ ആഗ്രഹം അറിയിച്ചതുകൊണ്ട് ബാംഗ്ലൂർ FEBA റേഡിയോ നിലയത്തിലെ അധികാരികളോടു അതിനായുള്ള ഏർപ്പാടുകൾ ചെയ്തു.

സഹോദരൻ വീരരാജ് അവർകൾ (ഇപ്പോൾ അമേരിക്കയിൽ സഭാശുശ്രൂഷകൻ) റിക്കോഡിംഗ് ചെയ്യുന്നയാളായിരുന്നു. ഇപ്പോൾ (Trichy) തൃച്ചിയിൽ പെന്തകോസ്തു സഭയിൽ

പാസ്റ്ററായിരിക്കുന്ന പാസ്റ്റർ വിക്ടർ ജ്ഞാനരാജ് അവർകൾ ഫീബ (FEBA) നിലയത്തിൽ പബ്ലിക് റിലേഷൻ ഓഫീസർ ആയി ജോലി ചെയ്തുകൊണ്ടിരുന്നു. സഹോ.ദിനകരനും ഞാനും അവിടെയുള്ള ഗസ്റ്റ് റൂമിൽ താമസിച്ചു. സഹോ.ദിനകരൻ 6 മാസത്തേയ്ക്കുള്ള പ്രസംഗങ്ങൾ ഒറ്റ ദിവസം കൊണ്ടു FEBA യിൽ റെക്കോർഡ് ചെയ്തു. എന്നാൽ സഹോ.ദിനകരന്റെ പ്രക്ഷേപ പരിപാടിയ്ക്ക് പേരു നൽകിയിട്ടില്ലായിരുന്നു. സ്ഥാപനം ആരംഭിയ്ക്കുക എന്നതോ സഭ ആരംഭിയ്ക്കുക എന്നതോ സഹോ.ദിനകരൻ ഇഷ്ടപ്പെടാത്ത നല്ല ആരംഭകാലം ആയിരുന്നു അത്.

ആ കാലയളവിൽ സഹോ.ദിനകരന് സ്വന്തമായി മാസിക പ്രവർത്തനമില്ലായിരുന്നു. ബാംഗ്ലൂരിലെ കന്റോൺമെന്റിൽ പെന്തകോസ്ത് സഭ നടത്തി വന്ന പാസ്റ്റർ കെ.ആർ.പോൾ അവർകൾ തന്റെ പൊതുയോഗങ്ങളിൽ ദിനകരന് പ്രസംഗിയ്ക്കുവാൻ അവസരം നൽകി പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി. പാസ്റ്റർ കെ.ആർ.പോൾ അന്നു സ്വന്തമായി നടത്തി വന്ന ലിവിംഗ് സ്റ്റാർ (Living Star) എന്ന മാസികയിൽ മാസംതോറും സഹോ.ദിനകരൻ ലേഖനങ്ങൾ എഴുതിയിരുന്നു. ജനങ്ങൾ അതു ആവേശപൂർവ്വം സ്വീകരിച്ചുവന്നു.

പക്ഷേ ചില ഉപദേശപ്രശ്നങ്ങളാൽ സഹോ.ദിനകരന് സ്വതന്ത്രമായി തന്റെ ആശയങ്ങൾ മാസികയിൽ പ്രസിദ്ധീകരിയ്ക്കുവാൻ കഴിയാത്തതുകൊണ്ട് ചില പ്രശ്നങ്ങൾ പാസ്റ്റർക്കും ദിനകരനും ഉണ്ടായി. അപ്പോൾ എന്തുകൊണ്ട് നമുക്കു സ്വന്തമായി ഒരു മാസിക തുടങ്ങിക്കൂടയെന്ന തന്റെ അനുഗ്രഹം എന്നോടു പങ്കുവെച്ചു. ആ സാഹചര്യത്തിൽ FEBA നിലയത്തിൽ പ്രക്ഷേപണം ചെയ്യാൻ തയ്യാറാക്കിവെച്ചിരുന്ന പരിപാടിയ്ക്കു പേരു വയ്ക്കണമെന്ന് ആവശ്യമുയർന്നു. ആ നാളുകളിൽ ഈറോഡ് നഗരത്തിലെ ബ്രഫ് മെമ്മോറിയൽ CSI സഭക്കാർ എന്നേയും സഹോ.ദിനകരനെയും കൂട്ടരേയും ക്ഷണിച്ചു. ഒരു വലിയ യോഗം ഈറോഡിലെ ആശുപത്രി മൈതാനത്ത് നടത്തി.

ആദ്യ ദിവസം യോഗം ആരംഭിച്ചു സ്റ്റേജിൽ സഹോ.ലയണൽ, സഹോ.ബന്നി (പാസ്റ്റർ ബന്നി അന്ന് കോയമ്പത്തൂർ P.S.G കോളേജിൽ ജോലി ചെയ്തുവന്നു) ഇവരോടൊപ്പം സഹോ.എഡ്വേർഡ് പോൾ അവർകളും കുടുംബമായി ക്വയറിൽ പങ്കെടുത്തു. ഞാൻ സ്റ്റേജിൽ വച്ചു സഹോ.ദിനകരനോടു FEBA നിലയത്തിലെ പ്രക്ഷേപണത്തിന് പേരു ചോദിച്ചുകൊണ്ടു കർശനമായി കത്തെഴുതിയിരിക്കുന്നു. അതുകൊണ്ടിനി താമസിയ്ക്കണ്ട എന്നു പറഞ്ഞു. ദിനകരൻ ഒന്നും മിണ്ടിയില്ല. സ്റ്റേജിൽ ഞാൻ എന്റെ അരികെ സഹോ.ദിനകരൻ റവ.എബനേസർ എന്നിവർ ഇരുന്നിരുന്നു. പിന്നിൽ ഈറോഡ് നഗരത്തിലെ പ്രമുഖരും ദൈവവേലക്കാരും സ്റ്റെല്ല ദിനകരനും ഇരുന്നിരുന്നു. സഹോ.ദിനകരന്റെ സൂക്ഷ്മതയുള്ള കണ്ണുകൾ സ്റ്റേജിൽ കയറി കസേരയിൽ ഇരിയ്ക്കുമ്പോൾ തന്നെ അലങ്കാരങ്ങൾ ശ്രദ്ധിച്ചിരുന്നു. അപ്പോഴാണ് ആ ചരിത്രസംഭവം നടന്നത്.

പെട്ടെന്ന് സഹോ.ദിനകരൻ എന്നോട് ഡോക്ടർ സ്റ്റേജിന്റെ പിന്നിൽ ശ്രദ്ധിച്ചുവോ? ബ്രഫ് CSI സഭക്കാർ നീലനിറത്തിലുള്ള കർട്ടൺ പുറകിൽ കെട്ടിയിരുന്നു. അതിൽ അവർ എഴുതിയ വാചകം വായിയ്ക്കുവാൻ ആവശ്യപ്പെട്ടു. അതിൽ യേശു വിളിയ്ക്കുന്നു എന്നു വലിയ അക്ഷര

ത്തിൽ എഴുതിയിരുന്നു. ആ പേരു നമ്മുടെ പ്രക്ഷേപണ പരിപാടിയ്ക്കു ഇട്ടാലോ?



ഉടനെ ഞാൻ അതു വളരെ നല്ല പേരാണ്. അതു പ്രക്ഷേപണ പരിപാടിയ്ക്കു മാത്രമല്ല സ്വന്തമായി ആരംഭിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്ന മാസികയ്ക്കും വളരെ യോജിയ്ക്കും എന്നു പറഞ്ഞു. സഹോ.ദിനകരൻ എന്റെ കൈപിടിച്ചു മേശമേൽ വെച്ചു തന്റെ കൈയ്യും എന്റെ കൈ മേൽ വച്ചു 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ യേശുവിളിയ്ക്കുന്നു എന്ന ഈ പേർ പ്രതിഷ്ഠ ചെയ്യുന്നു. ഈ പേരു മൂലം ഞങ്ങൾ നടത്തുന്ന എല്ലാ ശുശ്രൂഷകളും മൂലം നിന്റെ നാമം മഹത്വപ്പെടുമാറാകട്ടേ ആമേൻ' എന്നു പ്രാർത്ഥിച്ചു. ഞങ്ങൾ പ്രാർത്ഥിച്ചതു സമീപത്തിരുന്ന എബനീസറച്ചനോ, പിന്നിലിരുന്ന സഹോദരി സ്റ്റെല്ല ദിനകരനോ അറിഞ്ഞില്ല. ഇപ്രകാരമാണ് യേശുവിളിയ്ക്കുന്നു എന്ന ലോകപ്രശസ്തിയാർജ്ജിച്ച പേരുണ്ടായത്. ശുശ്രൂഷകന്മാരും ഉണ്ടായി. ഞാനിതു എന്തുകൊണ്ടു സൂചിപ്പിച്ചു എന്നാൽ ഈ പരിപാടിയ്ക്കു ശേഷം സഹോദരി സ്റ്റെല്ല ദിനകരൻ എഡിറ്ററായി യേശു വിളിയ്ക്കുന്നു എന്ന മാസിക രജിസ്റ്റർ ചെയ്യപ്പെട്ടു.

സഹോ.ദിനകരന് State Bank of India ഉദ്യോഗസ്ഥനായിരുന്നതുകൊണ്ട് അദ്ദേഹത്തിന് മാസികയുടെ എഡിറ്ററായിരിയ്ക്കുവാൻ അനുവാദമില്ല. സ്റ്റെല്ല ദിനകരനെ എഡിറ്ററാക്കി. മാസിക പ്രസിദ്ധീകരിച്ചപ്പോൾ വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നു. സഹോ.ദിനകരന്റെ ശുശ്രൂഷ അന്നു ഇത്രത്തോളം പ്രശസ്തിയാർജ്ജിച്ചിരുന്നില്ല.

കാണിയ്ക്ക വരുമാനമില്ല. ഞാൻ പറഞ്ഞു സാധാരണ വിലകുറഞ്ഞ പേപ്പറിൽ യേശു വിളിയ്ക്കുന്ന മാസിക പ്രസിദ്ധീകരിക്കാം. അന്നു അദ്ദേഹം പറഞ്ഞത് "ബ്രദർ ഒരു സിനിമാ നോട്ടീസ് വിലകൂടിയ പേപ്പറിൽ അച്ചടിച്ചു വിതരണം ചെയ്താലും അതുകണ്ടവർ കണ്ടശേഷം എറിഞ്ഞു കളയും. എന്നാൽ നമ്മുടെ മാസിക വിലമതിയ്ക്കാൻ കഴിയാത്ത തിരുവചനങ്ങൾ ഉൾക്കൊണ്ടു വരുമ്പോൾ അതിനെ വിലകുറഞ്ഞ സാധാരണ പേപ്പറിൽ അച്ചടിക്കുവാൻ എനിയ്ക്കു താല്പര്യമില്ല. ഏതു വിധേനയും ദൈവം പണം നൽകും. ആരംഭത്തിൽ തന്നെ വില കൂടിയ പേപ്പറിൽ യേശുവിളിയ്ക്കുന്ന Magazine അച്ചടിയ്ക്കാം എന്നു പറഞ്ഞു അന്നു ദിനകരൻ പറഞ്ഞതിന്റെ ഉദ്ദേശവും അദ്ദേഹം നൽകിയ വിവരണവും എനിയ്ക്കു മറക്കുവാൻ കഴിയാത്ത വാക്കുകളായി മാറി. തിരുവചനത്തിന് ആ നാളുകളിൽ അദ്ദേഹം നൽകിയ ബഹുമാനം വളരെ വലുതായിരുന്നു. അതുകൊണ്ടു വിലകൂടിയ പേപ്പറിൽ മാസിക പ്രസിദ്ധീകരിയ്ക്കപ്പെടണം എന്നതിന്റെ ഉദ്ദേശം മാനിയ്ക്കപ്പെടേണ്ടതാണ്.

ഇപ്രകാരമുള്ള ഓർമ്മയിൽ നില്ക്കുന്ന നല്ല സംഭവങ്ങൾ സഹോദരൻ കാരുണ്യ യൂണിവേഴ്സിറ്റി ആരംഭിയ്ക്കുന്നതിനു മുമ്പ് യഥാർത്ഥ ശുശ്രൂഷകനായി പ്രവർത്തിച്ച ആരംഭകാല

യോഗങ്ങളിൽ നടന്ന സംഭവങ്ങളാണ്. അദ്ദേഹത്തിന് വരുമാനം വർദ്ധിച്ചു. കാണിക്കകൾ വർദ്ധിച്ചു. അതിനുശേഷം സഹോ.ദിനകരൻ തിരുവചന ഉപദേശം വിട്ടുമാറി, അമേരിക്കയിലെ ബ്രൻഹാം, കാതറിൻ കുൽമാർ, ബെന്നിഹിൻ തുടങ്ങിയ ദൈവവേലക്കാരുടെ വ്യാജ വെളിപ്പാട് ശുശ്രൂഷയാൽ ആകർഷിക്കപ്പെട്ടു, അവരുടെ ശുശ്രൂഷയുടെ വഴി പിൻതുടർന്ന് ദൈവവചനത്തെ വിട്ട് ബഹുദൂരം മാറിപ്പോയി.

അന്നത്തെ നാളുകളിൽ സഹോ.ദിനകരനോടു ചേർന്ന് ശുശ്രൂഷ ചെയ്തു വന്നതായ 5 പേരിൽ ഞങ്ങൾ നാലു പേർ മാത്രം ഒന്നായി അദ്ദേഹത്തെ വിട്ടുപിരിഞ്ഞ് ശുദ്ധസുവിശേഷം അറിയിക്കുവാൻ ഉറച്ചുനിന്ന് ഇന്നുവരെ ശുശ്രൂഷ ചെയ്തു വരുന്നു. വില കുറഞ്ഞ പേപ്പറിൽ മാസിക പ്രസിദ്ധീകരിക്കുന്ന വിഷയം അറിയിക്കുന്ന ഈ സമയം വായനക്കാർക്കായി മറഞ്ഞു കിടക്കുന്ന പഴയ ആരംഭകാല സംഭവങ്ങൾ അറിയിക്കേണ്ടത് വളരെ ആവശ്യമാണ്.

# ചാമ്പൽ ബുധൻ

***ചോദ്യം : 2015 ഏപ്രിൽ മാസത്തിൽ ചാമ്പൽ ബുധൻ എന്ന പേരിൽ 40 ദിവസം നോമ്പുകാലം (Lenten Days) ആരാധനകൾ നമ്മുടെ സഭകളിൽ നടത്തപ്പെടുന്നല്ലോ. 40 ദിവസങ്ങൾ എന്ന ഈ നോമ്പു കാലത്തിന്റെ ആരംഭദിവസം. എന്തുകൊണ്ട് ചാമ്പൽ എന്ന പേരിൽ വിളിക്കപ്പെടുന്നു?***

ഉത്തരം : Episcopal സഭകളിൽ (Main line Church) മാത്രമാണ് ഇപ്രകാരം 40 (നാൽപത്) ദിവസങ്ങൾ നോമ്പായി അനുഷ്ഠിക്കപ്പെടുന്നത്. അതായത് കത്തോലിക്കാ, സി.എസ്.ഐ, ലൂഥറൻ, മാർത്തോമാ, യാക്കോബായ സഭക്കാർ മാത്രമാണ് ഇത് അനുഷ്ഠിച്ചു വരുന്നത്. ഇത് തിരുവചനത്തിൽ സൂചിപ്പിക്കാത്ത ഉപദേശമാണ്. ആദിമ പുതിയ നിയമസഭയിൽ ഇല്ലാത്ത ഒരു ആചാരം. ഈ നാൽപതു ദിവസങ്ങളിൽ ഒരു നേരത്തെ ഭക്ഷണം വർജ്ജിക്കുന്നത് ഈ ആചാരങ്ങളിൽ ഒന്നാണ്. ഇതിനെക്കുറിച്ച് എന്റെ യോഗങ്ങളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്.

ചാമ്പൽ എന്ന വാക്ക്, വേദപുസ്തകത്തിൽ നിന്ന് എടുത്ത് ഉപയോഗിച്ചതാണ്. പഴയനിയമകാലത്തിൽ യിസ്രായേൽ ജനങ്ങൾ പാപം ചെയ്ത് പാളയത്തിൽ നിന്ന് അവരെ മാറ്റിയ ശേഷം, അവർ മനം മാറി, വീണ്ടും പാളയത്തിൽ അഥവാ സഭയിൽ ചേർക്കുവാൻ ചാമ്പൽ വെള്ളത്തിൽ കലക്കി, അവരുടെ മേൽ തളിക്കുന്ന ഒരു ചടങ്ങുണ്ടായിരുന്നു. സംഖ്യ 19:17ൽ അശുദ്ധനായി തിരുന്നതിനുവേണ്ടി അവരെ ശുദ്ധീകരിക്കുവാൻ യാഗപീഠത്തിനരികേ നിർത്തി. യാഗപീഠത്തിൽ നിന്ന് പാപയാഗം ചുട്ടഭസ്മം ഉറവു വെള്ളത്തിൽ കലക്കി അത് അവന്റെ മേൽ തളിച്ച് ശുദ്ധീകരിക്കുന്നു.

ഇതേ അർത്ഥം എബ്രായ ലേഖന കർത്താവ് 9:13-ൽ മലിനപ്പെട്ടവരുടെ മേൽ തളിയ്ക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ എന്നെഴുതിയിരിക്കുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയ്ക്കു ശേഷം സഭകളിൽ 40 (നാൽപതു) ദിവസം ത്യാഗത്തിന്റെ നാളുകളായി

ആചരിക്കപ്പെട്ടു. അതിന്റെ ആരംഭദിവസമായ ബുധനാഴ്ച ശുദ്ധീകരണത്തിന്റെ ദിവസമായി ചാമ്പൽ ബുധൻ എന്ന് പ്രഖ്യാപിക്കപ്പെട്ടു. ഈ ദിവസങ്ങളിൽ സഭാജനങ്ങൾ തങ്ങളെത്തന്നെ ശോധന ചെയ്ത് ശുദ്ധീകരണം പ്രാപിക്കണം എന്നുള്ളത് അന്നത്തെ സഭയുടെ ഒരു ചടങ്ങായി കത്തോലിക്കാ സഭയിൽ തുടങ്ങി ഇപ്പോൾ പ്രൊട്ടസ്റ്റന്റ് സഭകളിലും തുടർന്നു വരുന്നു. ഇത് മറ്റ് ആത്മീകസഭകൾ ആചരിക്കുന്നില്ല. നാമധേയ ക്രിസ്ത്യാനി ഈ നാൽപതു ദിവസത്തിൽ തങ്ങളെ ശോധന ചെയ്ത് തെറ്റുകൾ ഏറ്റു പറഞ്ഞ് ക്രമപ്പെടുത്തി ജീവിക്കുവാൻ പ്രൊട്ടസ്റ്റന്റ് സഭക്കാരും നോമ്പുനാളായി അനുഷ്ഠിക്കുന്നതിൽ തെറ്റില്ല.

യഥാർത്ഥ ക്രിസ്ത്യാനി ഏതു സഭാവിഭാഗത്തിൽപ്പെട്ടാലും ദിനംതോറും തങ്ങളെ ശോധന ചെയ്ത് ശുദ്ധീകരണം പ്രാപിക്കേണ്ടത് ആവശ്യമാണ്. ചാമ്പൽ ബുധനാഴ്ചയ്ക്കായോ നാൽപതു ദിവസ നോമ്പിനായോ കാത്തിരിക്കേണ്ട കാര്യമില്ല. ഓരോ ദിവസവും അതായത് തന്റെ മരണദിവസം വരെ തന്നെത്താൻ ശോധന ചെയ്ത് തന്നെ ശുദ്ധീകരിക്കേണ്ടത് ആവശ്യമാണ്. ആത്മീയസഭകൾക്ക് – ചാമ്പൽ ബുധൻ, 40 ദിവസത്തെ നോമ്പ് – കാലം എന്നൊന്നുമില്ല. ഇതാണ് ചാമ്പൽ ബുധൻ എന്നതിന്റെ വിശദീകരണം.

## ആരാണ് അപ്പോസ്ഥലൻ

***ചോദ്യം : കഴിഞ്ഞ മാസം 20–ാം തീയതിയിലെ ദിനപത്രത്തിൽ സഹോ.ദിനകരന്റെ 7–ാം ചരമവാർഷികത്തിൽ ഓർമ്മയ്ക്കായി ഭാര്യ, മകൻ, മകന്റെ കുടുംബാംഗങ്ങൾ, യേശു വിളിയ്ക്കുന്നു എന്ന പേരിൽ പ്രസിദ്ധീകരിച്ച സഹോ.ദിനകരന്റെ ചിത്രത്തിനടയിൽ അപ്പോസ്ഥലൻ D.G.S ദിനകരൻ എന്ന് എഴുതിയിരുന്നു. ആരാണ് അപ്പൊസ്തലൻ എന്നതിനെക്കുറിച്ചുള്ള നിങ്ങളുടെ പ്രസംഗം കേട്ടിട്ടുള്ള വ്യക്തിയാണ് ഞാൻ. തിരുവചനപ്രകാരം നിങ്ങൾ പറഞ്ഞതു ശരിയാണ്. എന്നാൽ സഹോ.ദിനകരന്റെ കുടുംബാംഗങ്ങൾക്കു വേദവചന പരിജ്ഞാനം ഇല്ലേ. വചനം അവർക്ക് അറിയുകയില്ലേ?***

ഉത്തരം : വചനം അവർക്ക് അറിയുമോ ഇല്ലയോ എന്ന് നിങ്ങൾ തന്നെ തീരുമാനിക്കുക. വെളി 21:14ൽ നഗരത്തിന്റെ മതിലിന് പന്ത്രണ്ട് അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ (യേശുക്രിസ്തുവിന്റെ) പന്ത്രണ്ടു അപ്പോസ്തലന്മാരാൽ ഉപദേശിക്കപ്പെട്ടത് അഥവാ അംഗീകരിക്കപ്പെട്ടതാണ് എന്ന് എബ്രാ 6:1,2 ലും അപ്പൊ 2:42 ലും കാണുവാൻ കഴിയും.

യേശുക്രിസ്തു നേരിട്ട് തിരഞ്ഞെടുത്തവരാണ് അപ്പോസ്തലന്മാർ എന്ന വിളിയ്ക്ക് യോഗ്യരായ പന്ത്രണ്ടു പേരും. മറ്റുള്ളവർ എല്ലാം ശിഷ്യന്മാർ എന്നു വിളിക്കപ്പെടും. ബർന്നബാസ് മുതലായവരെ അന്നത്തെ ആദിമസഭ. അപ്പോസ്തലൻ എന്നു സാധാരണഗതിയിൽ പറയപ്പെട്ടു. അപ്പോസ്തലോസ് എന്ന ഗ്രീക്ക് ഭാഷയിലെ വാക്കിന് അയയ്ക്കപ്പെട്ടവൻ എന്ന് അർത്ഥം. അപ്പോസ്തലൻ എന്നതിന്റെ പൊതുവായ അർത്ഥവും അയക്കപ്പെട്ടവൻ എന്നതുതന്നെയാണ്. ആരാൽ അയയ്ക്കപ്പെട്ടവൻ യേശുക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവൻ. സാധാരണയായി എല്ലാ ശുശ്രൂഷകന്മാരും. മിഷണറിമാരും യേശുക്രിസ്തുവിന്റെ വാക്കുകൾ കേട്ട് യേശുവിനെ സ്വീകരിച്ച്

യേശുവാണ് രക്ഷകൻ എന്ന് അറിയിക്കുവാൻ സഭാജനങ്ങളാൽ യേശുവിന്റെ നാമത്തിൽ അയയ്ക്കപ്പെട്ടവൻ. അല്ല എങ്കിൽ മിഷണറി സ്ഥാപനങ്ങളാൽ അയയ്ക്കപ്പെട്ടവർ ആണ്. എന്നാൽ അപ്പൊസ്തലൻ എന്ന വാക്കിന് അയയ്ക്കപ്പെട്ടവൻ എന്ന് അർത്ഥം ആയാലും യേശുക്രിസ്തു നേരിട്ട് തിരഞ്ഞെടുക്കപ്പെട്ടവർ മാത്രമാണ് അപ്പൊസ്തലന്മാർ എന്ന വിളിക്ക് യോഗ്യരായവർ.

പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഒരുവനായ, ആത്മഹത്യചെയ്ത-(കെട്ടിഞാന്നു ചത്ത ഇസ്കരിയോത്ത് യൂദയ്ക്കു പകരംരണ്ടുപേർച്ചീട്ടിട്ട്, മത്ഥിയാസ്)-എന്നവ്യക്തിയെ അപ്പൊസ്തലനായി മറ്റു പതിനൊന്ന് ശിഷ്യന്മാരും തിരഞ്ഞെടുത്തു. അതുകൊണ്ട് അവന്റെ പേര് വേദപുസ്തകത്തിൽ വേറെങ്ങും എഴുതിക്കാണുന്നില്ല. ദൈവം ആ തിരഞ്ഞെടുപ്പിനെ ഇഷ്ടപ്പെടുന്നില്ല.

ഉദാഹരണമായി വസ്തുവകകൾ ഭാഗം വയ്ക്കുന്ന പ്രശ്നം വന്നാൽ, രണ്ടു കുഞ്ഞുങ്ങൾ ഒരുപോലെ മാർക്ക് വാങ്ങുമ്പോൾ ഒന്നാം സമ്മാനം ആർക്കാണ് എന്ന് തീരുമാനിക്കുവാൻ പേര് എഴുതി ചീട്ടിട്ട് കുലുക്കി, അവരുടെ പേർക്ക് ചീട്ട് ലഭിച്ചുവോ അവർക്ക് ഒന്നാം സമ്മാനം. കൊടുക്കുന്ന പതിവുണ്ട്. ചീട്ടിടുന്നത് ചീട്ട് മടിയിൽ ഇടുന്നു. അതിന്റെ വിധാനമോ യഹോവയാലത്രേ എന്ന് സദൃശവാക്യത്തിൽ നാം വായിക്കുന്നു. എന്നാൽ അപ്പൊസ്തലിക ശുശ്രൂഷയ്ക്കായി അപ്രകാരം നറുക്കിട്ട് ഒരു വ്യക്തിയെ തിരഞ്ഞെടുക്കുവാൻ പാടില്ല. നറുക്കിട്ട് എടുത്ത മത്ഥിയാസ് എന്ന പേരുള്ള ആൾ ഏതെങ്കിലും അത്ഭുതങ്ങൾ ചെയ്തതായോ, ലേഖനങ്ങൾ എഴുതിയതായോ നാം വേദപുസ്തകത്തിൽ കാണുന്നില്ല.

യേശുക്രിസ്തുവിന്റെ അനുയായികളേ കൊന്നവനായ ശൗൽ എന്ന വ്യക്തിയെ യേശുക്രിസ്തു തന്റെ ശിഷ്യനായും, അപ്പൊസ്തലനായും തിരഞ്ഞെടുത്തു. പൗലോസും തന്നെ അപ്പൊസ്തലനായി ദൈവം തിരഞ്ഞെടുത്തു എന്ന് ലേഖനങ്ങളിൽ എടുത്തു പറയുന്നു. ശൗൽ എന്ന പൗലോസ് യേശുക്രിസ്തുവിനെ നേരിൽ കണ്ടിട്ടില്ല. അതുകൊണ്ട് യേശു തന്നെ, പൗലോസിന് നേരിൽ വെളിപ്പെടുത്തുകയും, താൻ ജനിച്ചത്, വളർന്നത് ശുശ്രൂഷ ചെയ്തത്, അത്ഭുതങ്ങൾ പ്രവർത്തിച്ചത്, അന്ത്യ അത്താഴം, ക്രൂശിലെ മരണം എന്നിവയെല്ലാം നേർക്കാഴ്ചയായി കാണിക്കുവാൻ പൗലോസിനെ ആത്മാവിൽ നടത്തി, മേൽപറഞ്ഞതെല്ലാം കാണിച്ച് തന്നെയും വെളിപ്പെടുത്തുവാനായി, പൗലോസിനെ അറേബ്യൻ മരുഭൂമിയിലേക്ക് കൊണ്ടുചെന്ന് മൂന്നു വർഷം അവിടെ താമസിപ്പിച്ച് അപ്പൊസ്തലിക ശുശ്രൂഷയ്ക്ക് യോഗ്യനാക്കി.

അപ്പൊസ്തല പ്രവൃത്തി6-ാംഅദ്ധ്യായത്തിൽ വിധവകളുടെ വ്യവഹാരം സാമൂഹ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് ന്യായം തീർക്കാനായി ആദിമസഭ. പന്ത്രണ്ട് അപ്പൊസ്തലന്മാരെയും യെരുശലേമിലേയ്ക്ക് വിളിച്ചുവരുത്തി അതിന് അപ്പൊസ്തലന്മാർ ഞങ്ങൾ **പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും.** അതാണ് ഞങ്ങളുടെ ശുശ്രൂഷ. ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിൽ ശുശ്രൂഷ ചെയ്യുന്നത് യോഗ്യമല്ല എന്ന് പറഞ്ഞ് സഭയിൽ ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴ് പുരുഷന്മാരെ തിരഞ്ഞെടുത്ത് പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ചു. അപ്പൊ.പ്രവൃത്തി 6:3 വേലയ്ക്ക് ആക്കി.

എന്നാൽ സഹോ.ദിനകരനോ കാരുണ്യാ യൂണിവേഴ്സിറ്റി, എഞ്ചിനീയറിംഗ് കോളേജ്, കാരുണ്യാ കോളേജ് എന്നൊക്കെ നല്ല വരുമാനമുള്ള തൊഴിൽ ആരംഭിച്ച് തൊഴിൽ അധിപനായി മാറിപ്പോയി. ദൈവത്തിന്റെ ശുശ്രൂഷയ്ക്കായുള്ള വിളിയിൽ നിന്നും മാറിപ്പോയി. കാരുണ്യാ കോളേജ് അദ്ദേഹത്തിന്റെ മകനുവേണ്ടി ആരംഭിച്ചതാണ്. അതുകൊണ്ട് മകൻ പോൾ ദിനകരനെ ബൈബിൾ കോളേജിൽ അയയ്ക്കാതെ (MBA) ബിസിനസ്സ് മാനേജ്മെന്റ് പഠിപ്പിച്ചു.

സഹോ.ദിനകരന്റെ അന്നത്തെ ശുശ്രൂഷയിൽ മിത്രങ്ങളായ ഞങ്ങൾ നാലുപേർ കാരുണ്യ കോളേജ് തുടങ്ങണ്ട എന്ന് ഉറപ്പായി സഹോ.ദിനകരനോട് പറഞ്ഞു. ദൈവം നമ്മളെ ദൈവവേലയ്ക്കാണ് വിളിച്ചത്. കോളേജ് ആരംഭിച്ച് ധനം സമ്പാദിക്കുവാനല്ല എന്നു പറഞ്ഞു. അദ്ദേഹം അത് ചെവിക്കൊണ്ടില്ല.

കാരുണ്യാ കോളേജ് സാധുക്കൾക്കായി മാത്രം ആരംഭിക്കപ്പെട്ടതാണെന്ന് സ്റ്റേജുകൾ തോറും തുനിഞ്ഞ് കള്ളം പറഞ്ഞു. കോളേജിൽ ചേരുവാൻ എത്ര ലക്ഷം രൂപയാണ് കോഴ വാങ്ങുന്നതെന്ന് ഇപ്പോൾ എല്ലാവരും മനസ്സിലാക്കി.

ദൈവത്തിന്റെ കോപം അദ്ദേഹത്തിന്റെ മേലുണ്ടായി. മുന്നറിയിപ്പായി ദൈവം തന്റെ രണ്ടാമത്തെ ആയുധം കയ്യിലെടുത്തു. തന്മൂലം സഹോ.ദിനകരൻ വളരെയേറെ സ്നേഹിച്ചിരുന്നതായ പ്രിയ പുത്രി, ഏയ്ഞ്ചൽ വാഹന അപകടത്തിൽപ്പെട്ട് മരിക്കുവാനിടയായി.

പരേതനായ പാസ്റ്റർ സുന്ദരം അവർകളും സഹോ.ദിനകരന്റെ ചില വിവരങ്ങൾ തന്റെ സ്വന്തം കൈപ്പടയാൽ എഴുതിയ കത്ത് ഇപ്പോഴും എന്റെ കൈവശമുണ്ട്.

കത്ത് ലഭിച്ച് ചില ദിവസങ്ങൾ കഴിഞ്ഞ് ജാമക്കാരനിൽ പ്രസിദ്ധീകരികേണ്ട എന്ന് ഒരു കത്ത് എനിക്ക് ലഭിച്ചു. ആ കത്തിലെ കയ്യെഴുത്ത് പാസ്റ്റർ സുന്ദരത്തിന്റേതല്ല എന്ന് എനിക്കറിയാം.

സഹോ.ദിനകരനെ കാരുണ്യാ കോളേജ് ആരംഭിക്കുവാൻ ദൈവം വിളിച്ചില്ല. ഭാരപ്പെടുന്നവർക്ക് നിരാശപ്പെടുന്നവർക്ക്, ആശ്വാസം നൽകുന്നതായ ശ്രേഷ്ഠമേറിയ പ്രസംഗിക്കുവാനുള്ള താലന്ത് ദൈവം സഹോ.ദിനകരന് നൽകിയിരുന്നു. എന്നാൽ ദൈവത്തിന്റെ നല്ല പദ്ധതി അദ്ദേഹമായിത്തന്നെ തകർത്തു കളഞ്ഞു.

രണ്ടു യജമാനന്മാരെ സേവിക്കുവാൻ സഹോ.ദിനകരൻ തീരുമാനിച്ചതുകൊണ്ട് പ്രധാന യജമാനനായ യേശുക്രിസ്തു അദ്ദേഹത്തെ വിട്ടുമാറി. തന്മൂലം പല വ്യാജദർശനങ്ങൾ കണ്ടതായി പറയേണ്ടുന്ന സാഹചര്യം ഉണ്ടായി. **അപ്പോസ്തലൻ** എന്ന വ്യക്തി ലോകപ്രകാരമുള്ള പ്രവൃത്തികളിൽ കുടുങ്ങിപ്പോകുകയില്ല. ലോകപ്രകാരമുള്ള ജോലി **അപ്പൊസ്തലൻ** ചെയ്യരുത്. അതുകൊണ്ട് സഹോ.ദിനകരനെ അപ്പൊസ്തലൻ എന്ന് വിളിക്കുന്നത് നൂറു ശതമാനം (100%) തെറ്റ് ആണ്. അതുപോലെ തന്നെ വേറെ ഏത് ദൈവവേലക്കാരനായാലും തന്നെ **അപ്പൊസ്തലൻ എന്ന് വിളിക്കുന്നത് വേദവചനത്തിന് വിപരീതമാണ് ജാഗ്രതയോടിരിക്കുക. ❖❖❖❖❖**

# അധർമ്മികളുടെ ഇടയിലെ ജീവിതം
# നോഹയുടെ ഭാര്യ
## ഡോ.ലിലിയൻ സ്റ്റാൻലി,MBBS,DCH.,

നോഹ എന്നു പേരുള്ള ഒരു യുവാവുമായി അവൾക്ക് വിവാഹനിശ്ചയം ചെയ്തിരുന്നു. അവളുടെ സുഹൃത്തുക്കൾ അവളെ ഇപ്രകാരം കളിയാക്കി: “അദ്ദേഹം ഒരു വെറിപിടിച്ചവനാണ്. നമ്മുടെ പാർട്ടികളിൽ ഒന്നും വരുകയില്ല. അദ്ദേഹത്തെ നീ വിവാഹം കഴിക്കുന്നുവോ? എങ്കിൽ ഞങ്ങളെ പോലെ ഈ ലോകത്തിൽ സന്തോഷവതികളായിരിക്കുവാൻ നിനക്ക് കഴിയുകയില്ല. നീ എപ്പോഴും വിശുദ്ധയായിരിക്കണം.” എന്നാൽ നല്ല വഴികളിൽ നടന്ന ഈ യുവാവിനെ അവൾക്ക് ഇഷ്ടമായിരുന്നു. അവളോട് വിവാഹ ആലോചന നടത്തിയ എല്ലാ യുവാക്കളിൽ നിന്നും വളരെ വ്യത്യസ്തനായിരുന്നു ഇദ്ദേഹം. അവൾ ഉറച്ച ഒരു തീരുമാനമെടുത്തു. നോഹയുടെ ഭാര്യ പ്രളയത്തിൽ നിന്നും രക്ഷപ്രാപിച്ച നാലു സ്ത്രീകളിൽ ഒരാളായിരുന്നു.

സുന്ദരികളായ യുവതികൾ ഉൾപ്പെടെ എല്ലായിടത്തും ജനം പെരുകുവാൻ ആരംഭിച്ചു. വെളുത്തവരും, കറുത്തവരും, ഇരുനിറമുള്ളവരും എന്നിങ്ങനെ വ്യത്യസ്ത രീതിയിലുള്ളവർ വർദ്ധിച്ചു. ദൈവത്തിന്റെ ചില വിശ്വസ്ത ദാസന്മാർ പോലും അവിശ്വാസികളായ യുവതികളെ വിവാഹം കഴിച്ച് വിധി ഏറ്റുവാങ്ങാൻ ആഗ്രഹിച്ചു (ഉൽ 6:1,2). എന്നാൽ നോഹ സുന്ദരികളായ രാജ്ഞിമാരേക്കാൾ നല്ലൊരു പെൺകുട്ടിയെ തെരഞ്ഞെടുത്തു. ദൈവം തന്റെ കുടുംബത്തെ മുഴുവൻ രക്ഷിക്കാനുള്ള ഒരു കാരണം ഇതാണ്.

നോഹയെ വിവാഹം കഴിച്ചത് നല്ലതാണെന്ന് അവൾക്ക് ബോധ്യമായി. ദൈവപ്രസാദമുള്ള ജീവിതം നയിക്കുന്നതിൽ അതിന്റേതായ ഒരു സന്തോഷമുണ്ട്. അവളുടെ മാതാപിതാക്കളുടേയും, ബന്ധുക്കളുടേയും, സുഹൃത്തുക്കളുടേയും വഴികളിൽ പോകുന്നതിന് നോഹ അനുവദിക്കാതിരുന്നെങ്കിലും, അവൾ അതൊന്നും കാര്യമാക്കിയില്ല. എന്നാൽ ചില പരിമിതികളോടെ അവരുമായി ഇടപഴകുന്നതിന് അവൻ അനുവദിച്ചു. നോഹ അവൾക്ക് നല്ലവനായിരുന്നു. കൂടാതെ ദൈവത്തിനായുള്ള ആകാംക്ഷ അവൾക്ക് ഉണ്ടായിരുന്നു. അവൾ ദോഷത്തെ വെറുത്തു. വിവാഹത്തിനു ശേഷം നോഹയുടെ സ്വാധീനത്താൽ അതു പ്രകടമായിരുന്നു.

നോഹ ദൈവവുമായി ദൃഢമായ കൂട്ടായ്മ പുലർത്തി ദൈവത്തോടൊപ്പം നടക്കുന്നതായി ഭാര്യ മനസ്സിലാക്കി. നോഹ ഒരു വ്യത്യസ്ത വ്യക്തി ആണെന്നും അനുഗ്രഹിക്കപ്പെട്ടവൻ ആണെന്നും അവൾ അറിഞ്ഞു. യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്ന് പറഞ്ഞ് നോഹയുടെ പിതാവായ

ലാമേക്ക് തന്റെ മകന് പേരിട്ടു (ഉൽ5:29). ലാമേക്ക് തന്റെ പുത്രന്മാരുടേയും പുത്രിമാരുടേയും വളർച്ചയിൽ ശ്രദ്ധിക്കുകയും അവരിൽ നിന്ന് അൽപം വ്യത്യസ്തനായ നോഹയിൽ തന്റെ ശ്രദ്ധ കൂടുതൽ പതിപ്പിക്കുകയും ചെയ്തു.

നോഹയുടെ ഭാര്യ, മൂന്നു ആൺകുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയും, അവർക്ക് ശേം, ഹാം, യാഫേത്ത് എന്ന പേരിടുകയും ചെയ്തു. ജനങ്ങൾ തിന്നുകയും കുടിക്കുയും ചെയ്യുന്നത് നോഹയുടെ ഭാര്യ കണ്ടു. നിരവധി വിവാഹങ്ങൾക്ക് പങ്കെടുക്കേണ്ടി വന്നു (മത്താ 24:37,38). നോഹയുടെ കുടുംബം ഒഴികെ മറ്റാരും ദൈവത്തെക്കുറിച്ച് ചിന്തിച്ചില്ല. ലാമേക്കിന്റെ മുന്നറിയിപ്പ് ആരും ചെവിക്കൊണ്ടില്ല. നോഹയുടെ സഹോദരിമാരും മറ്റു സഹോദരന്മാർ പോലും ശ്രദ്ധിച്ചില്ല.

നോഹയുടെ പുത്രന്മാർ അധർമ്മികളായ പെൺകുട്ടികളുടെ കൈകളിൽ വീഴാതവണ്ണെ നോഹ അവരെ ശ്രദ്ധിച്ചു. “നമ്മുടെ മക്കളെ വിവാഹം കഴിപ്പിക്കേണ്ടേ?” എന്നു നോഹയുടെ ഭാര്യ ചോദിച്ചപ്പോൾ, നോഹയുടെ മറുപടി ഇങ്ങനെയായിരുന്നു, “എന്തിന് ധൃതിവയ്ക്കുന്നു? നല്ല പെൺകുട്ടികൾക്കായി നമുക്ക് കാത്തിരിക്കാം.” അപ്രകാരം വളരെ ശ്രദ്ധാപൂർവ്വമാണ് പെൺകുട്ടികളെ തെരഞ്ഞെടുത്തത്. നോഹയുടെ കുടുംബവും തിന്നുകയും കുടിക്കുകയും ചെയ്തെങ്കിലും അവർ ദൈവത്തെ മുൻനിർത്തിയാണ് ചെയ്തത്. അങ്ങനെ നോഹയിൽ നിന്ന് തന്റെ ഭാര്യ ജീവിതമൂല്യങ്ങൾ പഠിച്ചു.

തന്റെ ദൈവീക ഭവനത്തിന് ചുറ്റും നടക്കുന്ന അക്രമവും അഴിമതിയും അവൾ കണ്ടു. എവിടെയാണ് അതിരു വരയ്ക്കേണ്ടത്? തന്റെ അയൽവാസികളോടൊപ്പം നർമ്മസല്ലാപത്തിന് പോകുവാൻ കഴിഞ്ഞോ? അവരോടൊപ്പം വിനോദയാത്രയ്ക്ക് പോകുവാൻ സാധിച്ചുവോ? ഭവനത്തിനുള്ളിലല്ലാതെ പുറത്തിറങ്ങി മറ്റു സ്ത്രീകളോടൊപ്പം ഇടപഴകുന്നത് അവൾക്ക് വളരെ പ്രയാസമായിരുന്നു. എപ്രകാരമാണ് ഇതെല്ലാം സഹിച്ചത്? അവൾ ശരിക്കും തെറ്റിനും ഇടയിൽ ഒരു വരവരച്ചു. അവൾ അവരോടൊപ്പം ആയിരുന്നു, എന്നാൽ അവൾ അഴിമതിക്ക് അനുവദിച്ചില്ല. എപ്പോൾ ‘ഇല്ല’ എന്നു പറയണമെന്ന് അവൾക്ക് അറിയാമായിരുന്നു. അവൾ തന്നെത്തന്നെ സൂക്ഷിക്കുകയും ജലപ്രളയത്തിൽ നിന്ന് രക്ഷ നേടുകയും ചെയ്തു.

നോഹയുടെ കുടുംബം ഒരു വിശുദ്ധ കുടുംബമായിരുന്നു. നോഹയുടെ കുടുംബത്തിന് അകത്ത് അശുദ്ധിയുള്ളവരും കുടുംബത്തിന് പുറത്ത് വിശുദ്ധിയുള്ളവരും ആരും തന്നെ ഇല്ലായിരുന്നു. ലോകത്തെയും സൃഷ്ടിയെയും, ആദാമും ഹവ്വയെയും, പിശാചിനെയും, ദൈവകൃപയെയും കുറിച്ച് നോഹയുടെ പിതാവ് ലാമേക്കിൽ നിന്നു പഠിച്ചതുതന്നെ തന്റെ കുടുംബത്തെയും പഠിപ്പിച്ചു. “നിങ്ങളിൽ ചിലരെ പോലെ എന്റെ പിതാവും ആദാമിനെയും ഹവ്വയെയും കണ്ടു. എന്റെ പിതാമഹൻ ഹാനോക്ക് ദൈവത്താൽ എടുക്കപ്പെട്ടത് എങ്ങനെയെന്ന് നിങ്ങൾക്കറിയാം. ദൈവം സത്യമാണ്. എന്നെ വിശ്വസിക്കുക.” ഇപ്രകാരം ജനത്തോട് അവൻ യാചിച്ചു. “എന്നെ ആശ്രയിക്കുക, ദൈവം എന്നോട് സംസാരിക്കുന്നു” എന്ന് അവൻ അപേക്ഷിച്ചു.

നീതിപ്രസംഗിയായ നോഹ ഭക്തികെട്ടവരുടെ ലോകത്തിൽ നിന്ന് ജനങ്ങളുടെ ഹൃദയത്തെ മാറ്റുവാൻ നന്നായി പരിശ്രമിച്ചു (2 പത്രോസ് 2:5). ജനപ്രളയത്തിന് അഞ്ച് വർഷം മുമ്പ് നോഹയുടെ പിതാവ് ലാമേക്ക് മരിച്ചു.

നോഹയുടെ കുടുംബം പൂർണ്ണമായും ദൈവീക കുടുംബമായിരുന്നു എന്ന കാര്യം സത്യമാണ്. കാരണം അവരും ദുഷ്ടത പ്രവൃത്തിച്ചിരുന്നെങ്കിൽ നീതിമാനായ ദൈവത്തിന് അവരെയും രക്ഷിച്ച് അന്യായം പ്രവർത്തിക്കുവാൻ കഴിയുകയില്ലായിരുന്നു. ദൈവം ദുഷ്ടതയുള്ള ഒരു സമൂഹത്തെ ന്യായം വിധിച്ചിരുന്നുവെങ്കിൽ, "നോഹ, ദാനിയേൽ, ഇയ്യോബ് എന്നീ മൂന്നു പുരുഷന്മാർ അതിൽ ഉണ്ടായിരുന്നാലും അവർ തങ്ങളുടെ നീതിയാൽ സ്വന്തജീവനെ മാത്രമേ രക്ഷിക്കുയുള്ളൂ....പുത്രന്മാരെയോ പുത്രിമാരെയോ രക്ഷിക്കാതെ അവർ മാത്രമേ രക്ഷപ്പെടുകയുള്ളൂ" (യെഹ 14:14, 16, 18).

നോഹ നീതിമാനായിരുന്നു എന്ന സത്യം തന്റെ കാലഘട്ടത്തിലെ ജനങ്ങൾ അറിഞ്ഞിരുന്നു (ഉൽ 6:9). ദൈവം ഭൂമിയെ ജലപ്രളയത്താൽ നശിപ്പിക്കുവാൻ പോകുന്നു; തന്റെ കുടുംബം ഒഴികെ – എന്നു പറഞ്ഞപ്പോൾ, നോഹയുടെ പുത്രന്മാരുടെ ഭാര്യമാർ ചോദിച്ചു, "ഞങ്ങളുടെ കുടുംബങ്ങൾ എങ്ങനെയാണ്?" നോഹ മറുപടി പറഞ്ഞു, "പ്രശ്നമൊന്നുമില്ല, ദൈവം നീതിമാന്മാരെ ഒരിക്കലും നശിപ്പിക്കുകയില്ല. ഈ വാർത്ത നിങ്ങളുടെ കുടുംബങ്ങളോട് പറയുക. അവർ തങ്ങളുടെ ദുർമാർഗ്ഗങ്ങൾ വിട്ട് തിരിഞ്ഞു വരുമെങ്കിൽ അവരെയും പെട്ടകത്തിനുള്ളിൽ പ്രവേശിപ്പിക്കാം." എന്നാൽ അപ്രകാരം സംഭവിച്ചില്ല. പുത്രിമാരുടെ യാചനകൾ കൈക്കൊള്ളാതിരുന്നപ്പോൾ, നോഹയുടെ കുടുംബവും ഒഴുക്കപ്പെടാൻ പോകുന്നു. നാം അവർക്ക് മതിയാവോളം മുന്നിറിയിപ്പ് നൽകി. നിങ്ങൾ രക്ഷപ്പെടാൻ പോകുന്നതുകൊണ്ട് ദൈവത്തെ സ്തുതിക്കുക." ഇപ്രകാരം അവൾ അവരെ ധൈര്യപ്പെടുത്തി.

മൂന്നു നിലയുള്ള പെട്ടകം പണിയുക എന്നത് വളരെ കഠിനമായ അദ്ധ്വാനമായിരുന്നു. അനുസരണ എളുപ്പമായ ഒരു ദൗത്യമല്ല. എന്നാൽ അവർ അനുസരിച്ചപ്പോൾ ദൈവം അവർക്ക് സകലവും എളുപ്പമാക്കിക്കൊടുത്തു. മൃഗങ്ങൾ എല്ലാം സ്വയമേ തന്നെ പെട്ടകത്തിനുള്ളിൽ കടന്നു. അനുസരണവും സകലവും എളുപ്പമാക്കി!

"ഈ കാര്യങ്ങൾ സംഭവിക്കുമെന്ന് എങ്ങനെ അറിയാമായിരുന്നു! നോഹ പറഞ്ഞു," ഞാൻ യാതൊരു അടയാളവും കണ്ടില്ല. ദൈവം നമ്മോടു പറയുന്നതു വിശ്വസിക്കുക മാത്രം ചെയ്യുക. ദൈവം ഞങ്ങൾക്ക് മുന്നറിയിപ്പ് നൽകിയപ്പോൾ ഞങ്ങൾ പെട്ടകത്തിന്റെ പണി ആരംഭിച്ചു. അതായിരുന്നു ഞങ്ങളുടെ രക്ഷ. വിശ്വാസമാണ് നമ്മുടെ നീതി" (എബ്രാ 11:7). "എന്നാൽ ഇത് വളരെ കഠിനമായ ജോലി അല്ലേ? ഇത് വ്യർത്ഥജോലി അല്ലേ? നാം പരിഹാസ പാത്രങ്ങളാകിയില്ലേ?" നോഹയുടെ ഭാര്യയുടെ ഉൽക്കണ്ഠകളായിരുന്നു ഇവ. എന്നാൽ നോഹ പറഞ്ഞു, "ഇല്ല. ഇതു വ്യർത്ഥ ജോലി അല്ല. വിശ്വസിക്കുക. നമുക്ക് ജോലി ആരംഭിക്കാം." ഇതായിരുന്നു നോഹ.

''ലോകത്തിലെ സകല ചരാചരങ്ങളേയും എങ്ങനെ പെട്ടകത്തിനുള്ളിൽ എത്തിക്കും? വന്യജീവികളോടൊപ്പം നാം എങ്ങനെ ജീവിക്കും?'' നോഹ മറുപടി പറഞ്ഞു, "ഇതൊക്കെ നമ്മുടെ പ്രശ്നമല്ല; അതൊക്കെ ദൈവത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് സമയം വ്യർത്ഥമാക്കാതെ വരിക" അതുകൊണ്ട് അവർ സകല ഭക്ഷണ സാധനങ്ങളും സമാഹരിക്കുവാൻ ആരംഭിച്ചു (ഉൽ 6:21).

ഒരു ഭൂപ്രദേശം വിൽപ്പനയ്ക്കായി കിടന്നാൽ, നാം വാങ്ങുമെങ്കിൽ, രണ്ടു വർഷം കഴിഞ്ഞാൽ നല്ല വിലയ്ക്ക് വിൽക്കാം. അല്ലെങ്കിൽ അതിൽ കൃഷി ചെയ്യാം. ഒരു വീട് പണിത് വാടകയ്ക്ക് കൊടുക്കാം. നല്ലൊരു ധനനിക്ഷേപം. നമുക്ക് ഇന്നുതന്നെ പോയി ഭൂപ്രദേശം നോക്കുക. നോഹയുടെ ഭാര്യ ഭർത്താവിനെ അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. നോഹ തിരിഞ്ഞു നിന്ന് ചോദിച്ചു, "മാഡം, നിനക്ക് ബുദ്ധിഭ്രമമുണ്ടായോ?'' ഈ സ്ഥലം വെടിപ്പാക്കുവാൻ തയ്യാറാക്കുക. ദൈവം അറിയുന്ന ഒരു സ്ഥലത്തേക്ക് നാം ബോട്ടു സഞ്ചാരത്തിനു പോകുകയാണ്." "എന്നാൽ ഞാൻ ഒരു അടയാളവും കാണുന്നില്ല. അതു ആദാമിന്റെയും ഹവ്വയുടെയും ദിനങ്ങൾ പോലെ തന്നെ" നോഹയുടെ ഭാര്യ ആവലാതി പറഞ്ഞതിനുശേഷം ആ വിഷയം വിട്ടുകളഞ്ഞു.

ഇവയൊക്കെ എന്താണെന്ന് അറിയുന്നതിനു വേണ്ടി വലിയ ഒരു ജനകൂട്ടം ഒരുമിച്ചു കൂടി. നോഹ മുമ്പ് പല തവണ മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും അവൻ ഇപ്പോഴും പ്രസംഗിക്കുവാൻ ആരംഭിച്ചു. ചിലർ ശ്രദ്ധിച്ചു, ചിലർ പരിഹസിച്ചു, ചിലർ ചിരിച്ചു, ചിലർക്ക് ഒരിക്കൽ കൂടി കേൾക്കണമായിരുന്നു. നോഹ നീതിയും മാനസാന്തരവും പ്രസംഗിച്ചു. വെറിപിടിച്ചവനെ വിട്ടുകളഞ്ഞ് ഓടിവാ എന്നു പറഞ്ഞുകൊണ്ട് നോഹയുടെ പുത്രഭാര്യമാരുടെ കുടുംബാംഗങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ ആ സമയത്ത് പുത്രിമാർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ച് നിന്നിരുന്നു. നോഹയുടേയും, തന്റെ ഭാര്യയുടേയും, സഹോദരന്മാർ, സഹോദരിമാർ, അമ്മാവന്മാർ, ആന്റിമാർ, മരുമക്കൾ എന്നിവരൊക്കെ ബുദ്ധിഭ്രമം പിടിച്ച തങ്ങളുടെ ബന്ധുക്കളെ കുറിച്ച് ലജ്ജിച്ചു.

നോഹയുടെ ഹൃദയം അവരോട് അടുത്തു, അവനെ ശ്രദ്ധിക്കുവാൻ അവൻ യാചിച്ചു. എന്നാൽ അവർ ചിരിച്ചുകൊണ്ട് മുഖം തിരിച്ചു പോയി. അവരുടെ 'ബോട്ട് ഹൗസ്' കാണുവാൻ വരുന്നവരോടൊക്കെ നോഹ പ്രസംഗിച്ചുകൊണ്ടിരുന്നു.

ഈ വക്രതയുള്ളവരുടെ ഹൃദയങ്ങളിൽ വിത്തുകൾ വിതയ്ക്കുകയായിരുന്നു എന്ന കാര്യം നോഹ തിരിച്ചറിഞ്ഞുവോ? അവരുടെ അനുസരണക്കോട് നിമിത്തം അവരുടെ ആത്മാക്കൾ ഉടൻ തന്നെ **തടവിലാകു**മെന്നും അവർ ഉടനെ തീൻ മേശയിലെ മത്സ്യമാകുമെന്നും അവർ അറിഞ്ഞുവോ?

നോഹ മുട്ടിന്മേൽ നിൽക്കുന്നത് നോഹയുടെ ഭാര്യ കണ്ടു. അവൾ ചോദിച്ചു, "നിങ്ങളുടെ പ്രാർത്ഥന ഈ തലമുറയിൽ ഒരു അനക്കവും വരുത്തുന്നില്ലല്ലോ? താങ്കൾ ഒന്നും ചെയ്യാതെ സമയം വെറുതെ പാഴാക്കുകയല്ലേ ചെയ്യുന്നത്?'' നോഹയുടെ മറുപടി ഇപ്രകാരമായിരുന്നു,

“ഞാൻ ഒന്നും ചെയ്യാതെ ഇരിക്കുകയില്ല. ദൈവത്തോട് മദ്ധ്യസ്ഥത വഹിക്കുന്നു. ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നു എന്നെനിയ്ക്കുറപ്പുണ്ട്. എന്റെ പ്രാർത്ഥന ദൈവത്തിന്റെ ഹൃദയത്തെ സ്പർശിക്കുകയും ജനങ്ങൾക്ക് രണ്ടാമതൊരു അവസരം നൽകുകയും ചെയ്തു. എങ്കിലോ?

നോഹയുടെ ശബ്ദം കർക്കശമാകുന്നതുവരെ അവർ ധാരാളം സമയം ചെലവഴിച്ചു. ജനത്തിന്റെ ഇടയിൽ ക്രിസ്തു തന്നെ കടന്നു വന്നു പ്രസംഗിക്കുമെന്ന് അവൻ അറിഞ്ഞിരുന്നുവോ? നോഹയുടെ അദ്ധ്വാനം വ്യർത്ഥമല്ല എന്ന് അവൻ അറിഞ്ഞിരുന്നുവോ? (1 പത്രോ: 3:19-20; 2 പത്രോ 2:5)

ദൈവത്തിന്റെ ക്ഷമ നശിക്കുമ്പോൾ, ദൈവം അവരെ നശിപ്പിച്ച് തടവിലാക്കുന്നു. അവരെ നശിപ്പിച്ചതിനുശേഷം ദൈവത്തിന്റെ ഹൃദയം അവരെ പൂർണ്ണമായി തിരസ്ക്കരിക്കുകയില്ല. പുനരുത്ഥാനത്തിന്റെ സന്ദേശം അവരിൽ എത്തിക്കുന്നു. നോഹ പെട്ടകം പണിത കാലഘട്ടത്ത് അനുസരണക്കോട് കാണിച്ച്, തടവിലാക്കപ്പെട്ട ആത്മാക്കളോട് പ്രസംഗിക്കുവാൻ ദൈവം ക്രിസ്തുവിനെ അയച്ചു.

നോഹ ഇപ്രകാരം വിളിച്ചു പറഞ്ഞു “ദൈവം നിങ്ങളോട് ക്ഷമാലുവാണ്. നിങ്ങൾ മാനസാന്തരപ്പെടുന്നതിനായി ദൈവം കാത്തിരിക്കുന്നു. ദയവായി അവന്റെ ക്ഷമയെ മുതലെടുക്കരുത്.”

“600 വയസ്സു പ്രായമുള്ള നോഹയുടെ അക്ഷീണമുള്ള അദ്ധ്വാനം കണ്ടപ്പോൾ നോഹയുടെ ഭാര്യക്ക് സഹാനുഭൂതി ഉണ്ടായി. നോഹയുടെ ആവലാതി ഇപ്രകാരമായിരുന്നു, “ദൈവവചനം ‘ദൈവവചനം’ തന്നെ എന്നു നീ മനസ്സിലാക്കുന്നില്ല. അത് പൂർണ്ണമായി നാം അനുസരിക്കണം. അതിൽ നിന്ന് വലത്തോട്ടോ ഇടത്തോട്ടാ മാററുത്.'' പെട്ടകം അത്ഭുതകരമായി ഒഴുകിതുടങ്ങിയപ്പോൾ നോഹ പറഞ്ഞതിന്റെ പൊരുൾ അവൾക്ക് മനസ്സിലായി (6:22)

മൃഗശാലയിൽ മൃഗങ്ങളെ കാണുന്നതിന് ജനം വരിവരിയായി നിൽക്കും. എനനാൽ ആരും അവയോടൊപ്പം വസിക്കുകയില്ല. “ഈ വ്യക്തി ഒരു മാന്ത്രികനാണോ? മൃഗങ്ങൾ എല്ലാ ജോടിയായി വരുന്നു.” ജനങ്ങൾ അന്യോന്യം വിസ്മയിച്ചു. അത്ഭുതം കണ്ടാലും വിശ്വസിക്കാത്ത ഒരു തലമുറ (യോഹ 12:37).

വന്യമൃഗങ്ങൾ പെട്ടകത്തിനുള്ളിൽ പ്രവേശിക്കുന്നതു കാണുന്നത് നോഹയുടെ കുടുംബത്തിന് ആകാംക്ഷയുടെ അനുഭവമായിരുന്നു. ഭൂമിയിൽ ആരും കണ്ടിട്ടില്ലാത്ത വിധം ജലപ്രളയം ഉണ്ടാകുവാൻ ഇനി ഏഴു ദിവസങ്ങളേയുള്ളൂ. അതുകൊണ്ട് നോഹയുടെ കുടുംബം തങ്ങളുടെ വാസസ്ഥലം പെട്ടകത്തിലേക്ക് മാറ്റി. ഏഴു ദിവസങ്ങളോളം, അവൻ തിന്നും കുടിച്ചും, മൃഗങ്ങളെ വിവിധ സ്ഥലങ്ങളിലായി ക്രമീകരിച്ചും പെട്ടകത്തിനുള്ളിലായിരുന്നു. കാണുന്നവർക്ക് അത് ഒരു തമാശയായിരുന്നു. പിന്നെ മഴത്തുള്ളികൾ പതിക്കാൻ ആരംഭിച്ചു. (ഉൽ 7:1, 4, 10). നോഹയുടെ കുടുംബം അകത്തേക്ക ഓടി കടക്കുകയും, മറ്റാർക്കും പ്രവേശിക്കുവാൻ സമയം ലഭിക്കാത്തവണ്ണം വാതിൽ അടയ്ക്കപ്പെട്ടു (7:13-16). കഠിനമായ മഴ ആരംഭിക്കുകയും ഭൂമിക്കടിയിൽ

നിന്നും വെള്ളം പൊങ്ങുകയും ചെയ്തപ്പോൾ, മത്സരബുദ്ധിയുള്ള തലമുറയുടെ വിധി നിർണ്ണയിക്കപ്പെട്ടു. പെട്ടകം ഭൂമിയുടെ ഉപരിതലത്തിൽ നിന്നു പൊങ്ങി. നോഹയുടെ മക്കൾക്ക് അപ്പോൾ 100 വയസ്സുണ്ടായിരുന്നു.

പ്രളയം ഭൂമിയെ മൂടിയപ്പോൾ, ജനങ്ങൾ പെട്ടകത്തിന് അടുക്കലേക്ക് ഓടി അതിന്റെ വാതിലിൽ നന്നായി തട്ടി. എന്നാൽ വാതിൽ അവർക്ക് നഷ്ടപ്പെട്ടു. നോഹയുടെ പ്രസംഗം അവർ വിശ്വസിച്ചപ്പോൾ സമയം അധികം താമസിച്ചു പോയി! വെള്ളത്തിന്റെ ശബ്ദം ഇരച്ചിൽ പോലെ ആയതിനാൽ മറ്റു ജനങ്ങളുടെ നിലവിളിയും മറ്റു മൃഗങ്ങളുടെ പരവേശവും നോഹയുടെ കുടുംബത്തിന് കേൾക്കുവാൻ കഴിഞ്ഞില്ല.

നോഹയുടെ കുടുംബം ഒരു പുതുജീവിതം ആരംഭിച്ചു. ഒരു കൂട്ടുകുടുംബമായി ഏകദേശം ഒരു വർഷത്തോളം അവർ ഒരുമിച്ചു പാർത്തു.

നോഹയുടെ കുടുംബം കേക്കും മെഴുകുതിരിയുമായി നോഹയുടെ 601-ാം ജന്മദിനം ആഘോഷിക്കുവാൻ തയ്യാറെടുക്കുന്നു. പെട്ടെന്ന് ഒഴുകിക്കൊണ്ടിരുന്ന പെട്ടകം തെന്നി ഒരു പാറയിലിടിച്ചു നിന്നു. പെട്ടകം ഉറച്ചെന്ന് അവർക്ക് മനസ്സിലായി. നോഹ പെട്ടകത്തിന്റെ കിളിവാതിലിൽ കൂടി നോക്കിയപ്പോൾ വെള്ളം വറ്റി ഉണങ്ങിയ നിലം കണ്ടു. എക്കാലത്തും ഓർമ്മിക്കുവാനുള്ള ഒരു ജന്മദിനം! (8:13).

ദൈവശബ്ദം കേട്ട് പെട്ടകത്തിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയ ഒരേ ഒരു കുടുംബം. അവർ പർവ്വതത്തിലായിരുന്നു. സൂര്യപ്രകാശം നേരിയ ചൂടുള്ളതായിരുന്നു. വായു തണുത്തതും ഉന്മേഷമുള്ളതുമായിരുന്നു. മൃഗങ്ങളും പക്ഷികളും സകല ദിശകളിലേക്കും കടന്നുപോയി. അവർക്ക് സുപരിചിതമായ പരിസരവും അയൽക്കാർ ആരെയും കാണുന്നില്ല. സകലരും വിട്ടുപോയി. അവർ ഏകാന്തതയിലായെങ്കിലും ജീവിക്കുവാൻ കഴിഞ്ഞതിൽ അവർക്ക് സന്തോഷമുണ്ട്.

നോഹ ദൈവത്തിനു വേണ്ടി ഒരു അൽത്താരപണി കഴിപ്പിച്ച് ദൈവത്തെ ആരാധിക്കുന്നതിന് കുടുംബം മുഴുവൻ മുട്ടുകുത്തി. നോഹയുടെ ഭാര്യ തന്റെ ഭർത്താവിനെ അനുസരിക്കുവാൻ തീരുമാനിച്ചത് എന്ത് നല്ലതായി എന്ന് ചിന്തിച്ചു. അവളുടെ കുടുംബത്തിനും മരുമക്കൾക്ക് വേണ്ടിയും അവൾ ദൈവത്തെ സ്തുതിച്ച് നന്ദി പറഞ്ഞു. അവരുടെ തലമുറകളെ വിഴുങ്ങുന്ന മറ്റൊരു നാശകരമായ പ്രളയം ഉണ്ടാകുമോ? ഇല്ല,ഒരിക്കലും ഇല്ല-നോഹ ഉറച്ച് പറഞ്ഞു.

ഒരു മഴവില്ല് തെളിഞ്ഞു കാണുന്ന ആകാശത്തേക്ക് നോക്കുവാൻ നോഹ പറഞ്ഞു. അവരുടെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു അതിശയം - ആകാശത്തിൽ ഒരു അടയാളം! അവരുടെ ഭയം ഇല്ലാതെയായി. ദൈവവും ഭൂമിയിലെ സർവ്വ ജഡവുമായ സകല ജീവികളും തമ്മിൽ എന്നേക്കുമുള്ള നിയമം ഓർക്കുന്നതിനായിരുന്നു (9:16). മനുഷ്യന്റെ ദുഷ്ടത നിമിത്തം ദൈവത്തിന്റെ രക്തം തിളയ്ക്കുമ്പോഴും സകലരേയും നശിപ്പിക്കുവാൻ പ്രേരണ വരുമ്പോഴും അവൻ ഈ മഴവില്ല് കാണുകയും ശാന്തനാകുകയും ചെയ്യും.

നോഹയുടെ കുടുംബത്തിന് പ്രതിഫലം ലഭിച്ചു. അവരുടെ വിശുദ്ധിക്കുള്ള പ്രതിഫലം എന്തെന്ന് അവർക്ക് മനസ്സിലായി. വചനത്തിന് അനുസരണം കാണിക്കാത്ത ആ ജനക്കൂട്ടത്തിന്റെ കൂടെ അവർക്ക് ഓടേണ്ടി വരാത്തതിൽ അവർ സന്തോഷിക്കുന്നു. അവർ ദുഷ്ടതയിൽ നിന്ന് വിട്ടുനിൽക്കുകയും, അർധരാത്രിയിലെ പാർട്ടികളിൽ സമ്മേളിക്കാതിരിക്കുകയും ചെയ്തതിൽ അവർ ആനന്ദിക്കുന്നു.

അവർ എട്ടുപേരും അതുവരെയും സസ്യഭുക്കുകളായിരുന്നു. ജീവനുള്ള ഒന്നിനെയും തിന്നുന്നതിനെക്കുറിച്ച് അവർ ആരും ചിന്തിച്ചുപോലും ഇല്ല. ദൈവം അവർക്ക് ഒരു പുതിയ ആശയം നൽകി – അവർക്ക് കോഴി, താറാവ്, മത്സ്യം, ആട് എന്നിവയൊക്കെ കഴിക്കാൻ കഴിഞ്ഞു! നോഹയുടെ ഭാര്യ കോഴിക്കറി തയ്യാറാക്കി! എല്ലാവർക്കും അത് ഇഷ്ടപ്പെട്ടു. വിവിധ തരത്തിലുള്ള മാംസാഹാരം അവരുടെ പാത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു (9:3).

നോഹയുടെ മക്കൾ അവരുടെ കുടുംബങ്ങൾക്ക് വേണ്ടി ഇപ്പോൾ പ്രത്യേക കുടിലുകൾ തയ്യാറാക്കി. ഭൂമിയിൽ മനുഷ്യരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു വേണ്ടി നാലു സ്ത്രീകളും ഇവിടെയുണ്ട്.

ദൈവം നോഹയോട് മാത്രമല്ല, തന്റെ പുത്രന്മാരോടും കൂടെയാണ് ഉടമ്പടി ചെയ്തത്. എന്നാൽ സ്വർഗ്ഗാധിപനും അതിശക്തനുമായ ദൈവം ഹാമുമായി ഉടമ്പടി ചെയ്തതു അവൻ ഗൗരവമായി എടുത്തില്ല. വർഷങ്ങൾ കടന്നുപോയി, ഇളയമകനായ ഹാമിന് നാലു പുത്രന്മാർ ജനിച്ചു. നാലാമത്തെ പുത്രൻ തന്റെ പിതാവിനെ പോലെ തന്നെ വളരുകയും മനസ്സാക്ഷിയെ നിസ്സാരമായി കാണുകയും ചെയ്തു. ഏകദേശം ഈ കാലഘട്ടത്തിലാണ് നോഹ വീഞ്ഞു കുടിച്ചത്. നോഹയുടെ പുത്രന്മാർ നല്ല പ്രായത്തിലായിരുന്നു (അതായത് 200 വയസ്സ്, ഒരു പക്ഷേ ഇന്നത്തെ 25 വയസ്സ്).

**മനഃസ്സാക്ഷിയുടെ കാലം**

തങ്ങളുടെ പൗത്രനെ ശപിച്ചതായി നോഹയുടെ ഭാര്യ കേട്ടു. നഗ്നത കാണുന്നതിനെ കുറിച്ച് ദൈവം പ്രത്യക്ഷത്തിൽ യാതൊരു കല്പനയും മനുഷ്യരാശിക്ക് നൽകിയില്ലെങ്കിലും, തെറ്റും ശരിയും മനസിലാക്കാനുള്ള ഒരു മനഃസ്സാക്ഷി നൽകിയിരുന്നു. നീതിമാനായ വ്യക്തി എന്ന നിലയ്ക്ക് ജലപ്രളയത്തിൽ നിന്ന് ദൈവം രക്ഷിച്ച ഹാം ഇപ്പോൾ മനഃസ്സാക്ഷിയെ ലംഘിച്ചു. ദൈവം അനുഗ്രഹിച്ചവന്റെ മേൽ ശാപം വീണു (9:1). ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നത് ഒന്നും അതിൽ യോഗ്യമാംവണ്ണം നടക്കുന്നത് മറ്റൊന്നുമാണ്.

ശേമും, യാഫേത്തും തങ്ങളുടെ മനസ്സാക്ഷിയെ സൂക്ഷിച്ചു. കനാന്യർ ഹാമിന്റെയും അബ്രഹാം ശേമിന്റെയും പിൻതുടർച്ചക്കാരാണ്. ശേമിന്റെ പിൻതലമുറക്കാർ അവരുടെ മനസ്സാക്ഷിയെ അനുസരിച്ചു. അതുകൊണ്ടാണ് ശേമിന്റെ പിൻതലമുറക്കാരിൽ നിന്ന് തന്നെ യിസ്സഹാക്കിനുവേണ്ടി ഒരു പെൺകുട്ടിയെ കണ്ടെത്താൻ അബ്രഹാം ശ്രദ്ധവെച്ചത്.

ഹാമിന്റെ മകനെ നോഹ ശപിച്ചു. നമ്മുടെ മനസ്സാക്ഷിയെ കീഴ്പ്പെട്ട് നമ്മുടെ മക്കളെ രക്ഷിക്കുന്നതിനുള്ള നല്ലൊരു മുന്നറിയിപ്പ്! ശേമും യാഫേത്തും അവരുടെ നീതി പ്രവൃത്തികളാൽ ദൈവാനുഗ്രഹങ്ങൾ അവകാശമാക്കി.

എന്തുകൊണ്ടാണ് ദൈവം നോഹയുടെ മകനായ ഹാമിനെ ശപിക്കാതെ, പൗത്രനെ ശപിച്ചത്? ഹാമിന്റെ സ്വഭാവത്താൽ പൗത്രനിലൂടെ ഭാവിയിൽ അധർമ്മം ഉണ്ടാകാൻ സാധ്യതയുള്ള കാര്യം അവൻ അംഗീകരിച്ചിരുന്നു. ഇതിൽ നിന്ന് കനാന്യർക്ക് പിന്നീട് ശിക്ഷാവിധി ലഭിക്കുന്നതിനുള്ള ലൈംഗിക അധർമ്മ പ്രവൃത്തികൾ ഉണ്ടായി.

നോഹയുടെ പുത്രന്മാരും പൗത്രന്മാരും വർദ്ധിച്ചു. വിവിധ സ്ഥലങ്ങളിലായി കുടിലുകൾ നിർമ്മിക്കപ്പെട്ടു. “ആദാമും ഹവ്വയും തങ്ങളുടെ ജീവിതം ആരംഭിച്ചത് ഇപ്രകാരമായിരിക്കാം.” നോഹയും ഭാര്യയും തങ്ങളുടെ വംശം വർദ്ധിക്കുന്നത് അവർ മനസ്സിലാക്കി. ഇനി ജലപ്രളയത്താൽ ഭൂമുഖത്ത് നിന്ന് അവർ മാറ്റപ്പെടുകയില്ല!

ആദാമിനേയും ഹവ്വയെക്കാളും കൂടുതൽ കാലം നോഹ ജീവിച്ചിരുന്നു. നോഹയും ഭാര്യയും ബാബിലോണും നിനവേയും കണ്ടു (10:10,11). അവരുടെ പിൻതുടർച്ചക്കാർ അവർക്ക് അറിയാത്ത ഭാഷകൾ സംസാരിച്ചു (10:5)

ചരിത്രം ആവർത്തിക്കുവാൻ പോകുന്നു. നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയനാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം “പെട്ടെന്നു” വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല (മത്താ 24:36-40, ലൂക്കോ 17:26-28). നോഹയുടെ ബന്ധുക്കൾക്ക് തയ്യാറായി പോകുവാൻ സമയമില്ലായിരുന്നു. ക്രിസ്തുവിന്റെ വരവിങ്കൽ ലൗകീകരെ പോലെ ലൗകീക പ്രവൃത്തികളിൽ ഏർപ്പെട്ടു മുടങ്ങിപ്പോകാതെ നമ്മെത്തന്നെ സൂക്ഷിക്കുക. നമ്മുടെ ഹൃദയങ്ങൾ ദൈവീക കാര്യങ്ങളുടെ പരിധിയിൽ തന്നെ ആയിരിക്കട്ടെ.

നോഹ പെട്ടകത്തിന്റെ പണി പൂർത്തീകരിക്കുന്നതിനു വേണ്ടി കാത്തിരുന്നു. അതിനു ശേഷം അവൻ പ്രവർത്തിച്ചു (ഉൽ 7:16).ഇന്നും കർത്താവിന്റെ വരവിനു വേണ്ടി നാം തയ്യാറെടുക്കുന്നതിനു അവൻ കാത്തിരിക്കുന്നു. “ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻഅവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ” (2 പത്രോ 3:9)

യുവാക്കളേ, യുവതികളെ നിങ്ങളോടൊപ്പം നടന്ന്, നിങ്ങളുടെ മക്കളെ നന്നായി വളർത്തി കുടുംബത്തെ നാശത്തിൽ നിന്ന് രക്ഷിക്കുന്ന ഒരു ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുക. അതിർവരമ്പു വരയ്ക്കുക. വിവിധ ആധുനിക ഘടകങ്ങൾ ജനത്തെ ദൈവത്തിൽ നിന്നും അകറ്റുന്നു. മനുഷ്യനെ പൂർണ്ണമായി നശിപ്പിക്കുന്ന ഒരു ഘടകമാണ് ധനം. എന്തുമാത്രം പോകാനുണ്ട് എന്നും എവിടെ നിർത്തണമെന്നും നിങ്ങൾ അറിയണം. അത് “അപ്രായോഗിക”

മാണെന്ന് പുച്ഛിച്ച് തള്ളിയേക്കാം. എന്നാൽ ദൈവത്തെ മുറുകെ പിടിക്കുക. മൂന്നു നിലയിലുള്ള ഒരു കപ്പൽ പണിയുന്നതായി സങ്കൽപ്പിക്കുക. നിങ്ങൾ ദൈവത്തെ അനുസരിക്കുമെങ്കിൽ അവൻ നിശ്ചയമായും നിങ്ങളെ സഹായിക്കും.

നിങ്ങളുടെ മനസ്സാക്ഷിയെ കരുതുക. അത് ദൈവത്തിന്റെ ദാനവും അന്ധകാരത്തിൽ നിങ്ങളെ നടത്തുന്ന ദീപവുമാണ്. നാം എങ്ങനെ ജീവിക്കുന്നു എന്നത് നമ്മുടെ മക്കളുടെ സ്വഭാവങ്ങളിൽ പ്രകടമാക്കും. കുഞ്ഞുങ്ങളുടെ വളർച്ചയിൽ 10 ശതമാനം അവർ പഠിക്കുന്നതിൽ നിന്നും ബാക്കി 90 ശതമാനവും അവരുടെ മാതാപിതാക്കളിൽ നിന്ന് കണ്ടുമാണ്. അതുകൊണ്ട് നിങ്ങളുടെ സ്വഭാവഗുണങ്ങളെ കണ്ടു വളരുന്ന മക്കൾ ദൈവത്തിന്റെ ക്രോധത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ക്രമവും വിശുദ്ധിയുമുള്ള ഒരു ജീവിതം നയിക്കുക.

അധർമ്മികളെ കാണുമ്പോൾ നിങ്ങൾ നിരാശപ്പെടരുത്. മുന്നറിയിപ്പുകൾ സൂക്ഷിക്കുക. നിങ്ങൾ വിതച്ച വിത്തുകൾക്കു വെള്ളം ഒഴിക്കുന്നതിനോ അല്ലെങ്കിൽ നിങ്ങൾ വെള്ളം ഒഴിച്ച വിളവുകൾ കൊയ്യുന്നതിനോ ദൈവം ആരെയെങ്കിലും അയയ്ക്കും! അധർമ്മികളെ ദൈവം പൂർണ്ണമായി കൈ കഴുകിക്കളയുകയില്ല. അവരുടെ അതിക്രമങ്ങൾ അസഹ്യമായ പരിധികളിൽ എത്തുന്നതുവരെയും ദൈവം അവസരങ്ങൾ നൽകി കാത്തിരിക്കും (ഉൽ 15:16). അതുകൊണ്ട് നിങ്ങളുടെ ശുശ്രൂഷയിൽ തളരരുത്.

ഒരു പക്ഷേ, നോഹയുടെ ഭാര്യ ഹവ്വയിൽ നിന്നും സൂചന സ്വീകരിച്ച് വിജയകരമായി പൂർത്തീകരിച്ചതാകാം. നമുക്ക് സമ്മർദ്ദവിധേയരായി അനുസരിക്കാമോ?

**വായനക്കാരുടെ ശ്രദ്ധയ്ക്കു - അറിയിപ്പ്**
**മണിയോടർ (EMO)**

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തു കൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും. എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും. അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും. ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാരാകട്ടെ.

**Note : ക്രിസ്തീയ വിശ്വാസികൾക്ക് മാത്രമായി പ്രസിദ്ധീകരിക്കുന്നതാണ്. ഇത് വായിക്കുന്നവർ വീണ്ടും ജനനം പ്രാപിച്ച വ്യക്തിയാണെങ്കിൽ ലഘുലേഖയായി അച്ചടിച്ച് ക്രൈസ്തവർക്ക് വിതരണം ചെയ്യാം.**

# നിങ്ങൾ വീണ്ടും ജനിക്കണം
# (YE MUST BE BORN AGAIN)

നാം വീണ്ടും ജനിക്കുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ നമുക്ക് തുറക്കപ്പെടുകയില്ല എന്ന് യേശു പറയുന്നു. അതുകൊണ്ട് ഞങ്ങൾ വായിക്കുന്ന നിങ്ങളോട് ചോദിക്കുന്നു. പ്രിയസ്നേഹിതാ, നിങ്ങൾ വീണ്ടും ജനിച്ചിട്ടുണ്ടോ. സഭാജനങ്ങളേ നിങ്ങൾ വീണ്ടും ജനനം പ്രാപിച്ചുവോ? ഇല്ല എങ്കിൽ നിങ്ങൾ കൈവിടപ്പെട്ടവരാണ്. എന്തുകൊണ്ടെന്നാൽ യേശു പറഞ്ഞു പുതുതായി ജനിച്ചില്ല എങ്കിൽ ദൈരാജ്യം കാണ്മാൻ  ആർക്കും കഴികയില്ല എന്നുത്തരം പറഞ്ഞു (യോഹ 3:3). ആരും പാപിയായി മരിക്കുവാനോ നശിച്ചുപോകുവാനോ തീർച്ചയായും ഇഷ്ടപ്പെടുകയില്ല. ആകയാൽ നീ വീണ്ടും ജനിക്കേണ്ടത് ആവശ്യമാണ്.

വീണ്ടും ജനിക്കുക എന്നാൽ എന്താണ്? എന്ന് നിങ്ങൾ ചോദിച്ചേക്കാം. ആദ്യമായി ഇത് എന്തല്ല എന്ന് നോക്കാം. ഇത് ജ്ഞാനസ്നാനം (മാമോദിസ) അല്ല.

ചിലർ സ്നാനം ഏറ്റിട്ടും വീണ്ടും ജനനം പ്രാപിച്ചിട്ടില്ലായിരുന്നു. വീണ്ടും ജനനത്തിന്റെ അനുഭവം ഇല്ലാതെ സഭയിൽ അംഗങ്ങളായിരിക്കുന്നു. അങ്ങനെയുള്ളവർ യഥാർത്ഥ ക്രിസ്ത്യാനികൾ അല്ല. മാനസാന്തര അനുഭവം ഇല്ലാതെ സഭയിൽ ചിലർ സ്നാനം എന്ന പേരിൽ നുഴഞ്ഞു കയറുന്നു. അങ്ങനെയുള്ളവർ എത്രവർഷം സഭയുടെ അംഗമായിരുന്നാലും കർത്താവിന്റെ മേശയിൽ പങ്കാളികളാകരുത്.

ചിലർ മാനസാന്തരമില്ലാതെ അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുയോ ചെയ്യുന്നവൻ എല്ലാ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും.(1 കൊരി 11:27). തനിക്ക് ശിക്ഷാവിധി.........(1 കൊരി 11:29,30) മാനസാന്തരം എന്നത് നല്ല നടപ്പോ “നല്ലവനായി ജീവിക്കുവാൻ ശ്രമിക്കുന്നതോ അല്ല....”

പലരും കടപ്പാൻ നോക്കും കഴികയില്ല താനും  (ലൂക്കോ 13:24). ചിലർ മാനസാന്തര അനുഭവം ഇല്ലാതെ പ്രാർത്ഥിക്കും. ആ പ്രാർത്ഥന കേൾക്കപ്പെടുകയില്ല. യേശു പറയുന്നു : ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. (മത്തായി 15:8)

വീണ്ടും ചിലർ ഇപ്രകാരം പറയാറുണ്ട്. "എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്യുവാൻ ശ്രമിക്കും. ദരിദ്രരെ സഹായിച്ച്, രോഗികളെ സന്ദർശിച്ച് എനിക്ക് കഴിയുന്ന നന്മകളൊക്കെ ദിനം പ്രതി ചെയ്താൽ അത് മാനസാന്തരം ആകയില്ലേ? (സഭാ 3:17) ആകയില്ല. അത് നിഷ്ക്കളങ്ക ജീവിതം മാത്രമാണ് (ഇയ്യോബ് 9:22). അപ്രകാരമുള്ളവർക്ക് ഞാൻ സത്യമായി വീണ്ടും ജനിച്ചു എന്ന് പറയുവാൻ കഴിയുകയില്ല. നമുക്ക് വേറൊരു വ്യക്തിയായി യഥാർത്ഥമായി മാറുവാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു. അതു ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല. കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല (റോമർ 8:7). നമുക്കു ഒരു മനമാറ്റം വേണം. പ്രവാചകൻ മൂലം ദൈവം പറയുന്നത് ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നും നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. (യെഹ 36:26)

ശരി. അങ്ങനെയാണെങ്കിൽ പുതുതായി ജനിക്കുക. എന്നാൽ എന്താണ്? എന്ന് ചോദ്യം ഉയരാം. എന്തുകൊണ്ട് നാം അതിനെ ജനനം എന്നു പറയുന്നു?

വീണ്ടും ജനനം, എങ്ങനെ, എപ്പോൾ നാം പ്രാപിക്കുന്നു? യേശു പറയുന്നു. ജഡത്താൽ ജനിച്ചത് ജഡം ആകുന്നു (യോഹ 3:6). ഒരു കുഞ്ഞ് ജനിക്കുക എന്നാൽ ഇതുവരെ ഇല്ലാത്ത ഒന്ന് പുതുതായി ജനിക്കുന്നു എന്ന് നമുക്കറിയാം. അതായത് ഒരു പുതിയ ജീവൻ (ജീവിതം) ആരംഭിക്കുന്നു. ഒരു പുതിയ വ്യക്തി പക്ഷേ ജഡികമായ വ്യക്തി, അതുപോലെ നാം വീണ്ടും ജനിക്കുമ്പോൾ, ക്രിസ്തുയേശുവിൽ. ആത്മാവിൽ ഒരു പുതിയ ജീവിതം ആരംഭിക്കുന്നു. ഇതുവരെ ഇല്ലാത്ത ഒരു പുതിയ അനുഭവം. ഇതിനെ താരതമ്യപ്പെടുത്തുമ്പോൾ ഇത് സ്വാഭാവികജനനം പോലുള്ളതിനാലാണ് ഇതിനെ ജനനം എന്ന് പറയുന്നത്. ഇത് ക്രിസ്തുയേശുവിൽ നിത്യമായ ഒരു പുതിയ ജീവിതം. എന്തുകൊണ്ടെന്നാൽ ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. (യോഹ 11:26) ഇത് എങ്ങനെ സംഭവിക്കും എന്ന് നിക്കോദേമോസിനെപ്പോലെ നാമും അത്ഭുതപ്പെട്ട് ചോദിച്ചു പോകുന്നില്ലേ (യോഹ 3:9).

മനുഷ്യനാൽ അസാദ്ധ്യം എന്നാൽ ദൈവത്തിന് സകലതും സാദ്ധ്യം എന്ന് യേശു പറഞ്ഞത് നാമം സമ്മതിച്ചേ മതിയാകൂ.

യഥാർത്ഥ സന്തോഷം നഷ്ടപ്പെട്ട്, ഭാരത്തോടെ ഹീനപാപിയായി. ജഡിക ഇച്ഛകൾ നിറഞ്ഞ്, സമാധാനമില്ലാതെ ആയിരിക്കുന്ന അവസ്ഥയിൽ, രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം എന്ന് ചോദിച്ച കാരാഗ്രഹ പ്രമാണിയെപ്പോലെ നാം ദൈവസന്നിധിയിൽ വരികയാണെങ്കിൽ. പത്രോസ് പറഞ്ഞതുപോലെ കർത്താവായ യേശുവിൽ വിശ്വസിക്ക എന്നു പറഞ്ഞു. മേൽപറഞ്ഞ വ്യക്തി തന്റെ അവസാന പരിധിയിൽ ആയിരിക്കുന്നതുപോലെ. എന്തും ചെയ്യുവാൻ തയ്യാറാണ് എന്ന് പറയുന്നതുപോൽ കാണപ്പെടുന്നു. ഇതാണ് പൂർണ്ണമായും ശരണപ്പെടുന്ന അവസ്ഥ

(പൂർണ്ണ സമർപ്പണം). ഹൃദയത്തെ കാണുന്ന ദൈവം പറയുന്നു അതായത് നീ കർത്താവേ, കർത്താവേ എന്ന് വിളിച്ചാലും ദൈവം പറയുന്നത് അനുസരിക്കാത്തവനായല്ല പൂർണ്ണമായും അവന്റെ വാക്കിന് അനുസരിച്ച് അവനായ് ജീവിക്കുമോ? ഇല്ലയോ എന്നും അവൻ അറിയുന്നു. ദൈവം നിർമ്മലമായ ഒരു ഹൃദയം നിന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ നിന്നിൽ പുതുക്കം (സങ്കീ 51:10). ഇപ്രകാരം കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതുമൂലം വീണ്ടും ഒരു പുതിയ സൃഷ്ടിയായി ജനിക്കുന്നു (2 കൊരി 5:7).

എന്നാൽ ഞാൻ എപ്പോഴാണ് വീണ്ടും ഒരു പുതിയ സൃഷ്ടിയായി ജനിക്കുന്നത്. പരിശുദ്ധാത്മാവ് അരുളിചെയ്യുന്നത് "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ (എബ്രാ 3:7) അതായത് ഏത് പ്രായത്തിലും, ഏത് സമയത്തും, ഏത് സ്ഥലത്തിലും പരിശുദ്ധാത്മാവ് അരുളിചെയ്യുന്നത് നാം കേൾക്കണം എന്നതാണ് അതിന്റെ ഉള്ളടക്കം. നാം ദൈവത്തിന്റെ മക്കളും അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളുമായി നാം ജീവിച്ച് ആത്മാവിനാൽ വീണ്ടും ജനിക്കാം (റോമർ 8:14-17).

എന്നാൽ അതിന് എത്ര സമയമെടുക്കും? വീണ്ടും ജനനത്തിന് ഞാൻ വളരേണ്ടതല്ലേ? ഇല്ലേ ഇല്ല. പ്രിയവായനക്കാരേ നാം യേശുവിനോടു കൃപയ്ക്കായും, പാപക്ഷമയ്ക്കായും വരുമ്പോൾ അതേ ക്ഷണത്തിൽ അത് സംഭവിക്കുന്നു. അത് ലഭിക്കുന്നു.

* അവസാനമായി ഞാൻ വീണ്ടും ജനിച്ചത് എങ്ങനെയാണ് അറിയുക? എന്ന ചോദ്യത്തിന് നിങ്ങൾ വിശ്വാസത്തിൽ ആകുന്നുവോ എന്ന് നിങ്ങളെത്തന്നെ പരീഷിപ്പിൻ. നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്ന് നിങ്ങളെത്തന്നേ അറിയുന്നില്ലയോ? (2 കൊരി 13:5) എന്ന് അപ്പോസ്ഥനായ പൗലോസ് പ്രബോധിപ്പിക്കുന്നു.

* അതുകൊണ്ട് വീണ്ടും ജനനം പ്രാപിക്കാത്തവരെ പിശാച് പരീക്ഷിക്കുമ്പോൾ, അവർ പാപത്തിൽ മരിച്ച് നഷ്ടപ്പെട്ടു പോയവരായി ന്യായവിധിക്ക് ദുർമനസാക്ഷി ഉള്ളവരായി ജഡികചിന്ത ഉള്ളവരായി, വിശ്വാസം ഇല്ലാത്തവരായി അനുസരണമില്ലാതെ, ഈ ലോകത്തിൽ ദൈവമില്ലാത്തവരായി,പഴയ പാപം ചെയ്യുന്നവരായി, സാത്താന്റെ മക്കളായിരിക്കുംഎന്ന്വചനംപറയുന്നു.

* മറിച്ച് വീണ്ടും ജനനം പ്രാപിച്ച ക്രിസ്ത്യാനി ദൈവത്തിപൈതൽ, അവൻ ക്രിസ്തുവിൽ ജീവനുള്ളവൻ, രക്ഷിക്കപ്പെട്ടവൻ, ശിക്ഷാവിധി ഇല്ലാത്തവൻ, നല്ല മനഃസാക്ഷിയുള്ളവൻ, പരിശുദ്ധാത്മാവ് നിറഞ്ഞവൻ, ആത്മികചിന്ത ഉള്ളവൻ, വിശ്വാസവും, നിത്യജീവനെ കുറിച്ച് പ്രത്യാശയുള്ളവൻ ആയിത്തീരുന്നു. അങ്ങനെയുള്ളവർ പാപം ക്ഷമിക്കപ്പെട്ടു. യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിച്ചവരായിരിക്കും. മനസ്സിൽ കുറ്റബോധം ഉണ്ടായിരിക്കയില്ല. അവർ ദൈവേഷ്ടം അറിഞ്ഞ് അത് ചെയ്യുന്നവരായും ചെയ്യുവാൻ ശക്തിയുള്ളവരായുമിരിക്കും. ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു

കൊള്ളും (യോഹ 14:3) എന്ന വാഗ്ദത്തത്തെ ഇവർ പ്രാപിക്കും. ഇപ്രകാരമുള്ള മാറ്റം പ്രാപിക്കുമ്പോൾ നാം വീണ്ടും ജനനം പ്രാപിച്ചു എന്ന് അറിയാതെയിരിക്കുമോ? എന്നു നാം ചോദിക്കാം. തീർച്ചയായും നിങ്ങൾക്ക് അതറിയാതിരിക്കുവാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ നാം ദൈവമക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു (റോമ 8:16).

ഈ അനുഭവവും, ആത്മാവിലെ ജീവിതവും നിങ്ങൾ പ്രാപിച്ചിട്ടില്ല എങ്കിൽ, നിർവിചാരിയായിരിക്കാതെ ഇപ്രകാരം ഉന്നതമായ അനുഭവം പ്രാപിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തെയും, ആത്മാവിനെയും അലക്ഷ്യമാക്കാതെ വീണ്ടും ജനിക്കേണം വേഗത്തിൽ.

നിങ്ങൾ വീണ്ടും ജനിച്ചില്ല എങ്കിൽ മരണത്തിന ശേഷം സ്വർഗ്ഗരാജ്യത്തിൽ പോകുവാൻ കഴിയുകയില്ല (യോഹ 3:3). സഭയിൽ അംഗമാകണമെങ്കിലും വീണ്ടും ജനനം പ്രാപിച്ച ഒരാൾക്കു മാത്രമേ യഥാർത്ഥമായ സഭയുടെ അംഗം എന്നു പറയുവാൻ കഴിയുകയുള്ളൂ. വീണ്ടും ജനനം പ്രാപിച്ചവർക്കു മരണഭയം നീങ്ങിപ്പോകും. തോൽവിയിൽ, നിരാശയിൽ, രോഗത്തിൽ, തളർന്നു പോവുകയില്ല. പ്രിയമുള്ളവരേ, വീണ്ടും ജനനത്തിന്റെ അനുഭവം ജീവനോടിരിക്കുമ്പോൾത്തന്നെ പ്രാപിക്കുക. മരണത്തിനു ശേഷം ആർക്കും ഈ നല്ല അനുഭവം പ്രാപിക്കുവാൻ സാധിക്കുകയില്ല. മനുഷ്യന് ദൈവം ഒരു ജീവിതം മാത്രമേ നൽകിയിട്ടുള്ളൂ. ആ ജീവിതത്തിൽ വീണ്ടും ജനനം പ്രാപിക്കുക എന്നുള്ളത് വളരെ പ്രധാനമാണ്. ഈ അനുഭവം നിങ്ങൾക്ക് ലഭിക്കുവാൻ കർത്താവ് സഹായിക്കുമാറാകട്ടെ.

# CSI SOUTH KERALA DIOCESE

# തിരുപുരം CSI കൺവൻഷൻ




**തിരുവനന്തപുരം** അടുത്തുള്ള **നെയ്യാറ്റുങ്കര** താലൂക്കിലുള്ള **തിരുപുരം** CSI കൺവൻഷൻ വളരെ അനുഗ്രഹപ്രദമായിരുന്നു. **Rev. M.JOHN(Dist.Chairman)** അവർകൾ, **Rev.N.AJI** അവർകൾ യോഗ ഏർപ്പാടുകളെ പ്രാർത്ഥനയോടു ചെയ്തു. 177ാം വർഷ ഇടവക ദിനം **Rt. Rev. Dharmaraj Rasalam ബിഷപ്പ്** അവർകൾ പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്തു. ദൈവ നാമം മഹിമപ്പെട്ടു.

# ആത്മീകരുടെ ലക്ഷണങ്ങൾ എന്താണ്?

ഈ നാളുകളിൽ അനേകർ തങ്ങൾ ആത്മീകർ എന്നും യഥാർത്ഥ ക്രിസ്ത്യാനി എന്നും അവകാശപ്പെട്ട് പുറമേ വസ്ത്രധാരണത്തിലും ഒരു പ്രത്യേക സഭയിലെ ആരാധനയിൽ പങ്കെടുക്കുന്നതിൽ അഭിമാനം കൊള്ളുന്നതിനാലും ആഴമായ സത്യങ്ങൾ പഠിക്കുന്നതിനാൽ തങ്ങൾ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠർ എന്നു പറഞ്ഞും വീമ്പടിക്കുന്നവർ ഉണ്ട്. എന്നാൽ സത്യത്തിൽ ആരെയാണ് ആത്മീകർ എന്നും ക്രിസ്ത്യാനി എന്നും വേദപുസ്തകം അംഗീകരിക്കുന്നതെന്ന് ആരാഞ്ഞു നോക്കാം. അനേകവർഷങ്ങളായി സഭാരാധനയിൽ പങ്കുകൊണ്ട് കൂട്ടായ്മകളിൽ പങ്കെടുത്ത് വചനസത്യങ്ങൾ എന്തിനാണ് കേൾക്കുന്നത് എന്നറിയായെ ഓടിക്കൊണ്ടിരിക്കുന്ന ചിലരുണ്ട്.

"ആത്മീകൻ" എന്നതിന് ഗ്രീക്ക് വാക്ക് "നിമോദിക്കോസ്." Pncumatikos (greek) ദൈവത്മാവിന്റെ ഭരണത്തിൽ ഇരിക്കുന്നവൻ.

## അടയാളങ്ങൾ

### 1. ആത്മീകനോ സകലത്തെയും വിവേചിക്കുന്നു. (1 കൊരി 2:15)

"വിവേചിക്കുന്നു" ഗ്രീക്കിൽ "അനാക്റിനോ" Anakrino (greek)

1. ജാഗ്രതയോടെ ശോധനചെയ്യുന്നവൻ
2. തന്നോടു തന്നേ ചോദ്യം ചോദിക്കുന്നവൻ
3. തന്നെ തന്നെ വിധിക്കുന്നവൻ (അഥവാ പരീക്ഷിച്ച് മാർക്കിടുന്നവൻ)
4. കുറ്റം പറയുന്നവനെ ശോധന ചെയ്യുന്നവൻ
5. ശരിയായ തീരുമാനം എടുക്കുന്നവൻ
6. വികാരങ്ങൾക്ക് അടിമപ്പെടാത്തവൻ
7. ന്യായത്തിന്റെ വശം ചേരുന്നവൻ

ഈ അർത്ഥങ്ങൾ എല്ലാം ഒരു ഉപദേശം എന്ന് നിങ്ങൾക്ക് തോന്നാം. ഈ നാളുകളിൽ ക്രിസ്ത്യാനികൾ പലരും "താൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്" എന്നതു പോലെ തങ്ങളുടെ വാദത്തിൽ ജയിക്കണം എന്നതൊഴിച്ചു മേൽ പറഞ്ഞതുപോലെ തങ്ങളെ ശോധന ചെയ്യാറില്ല. നിങ്ങൾ ആത്മീകനാണോ എന്ന് കണ്ടുപിടിക്കുക. വിവേചിച്ച് തീരുമാനമെടുക്കുക.

### 2. ശക്തനായിരിക്കും (അപ്പോ 1:8, 1 കൊരി 4:20, 1 കൊരി 3:2, യെശ 2:3, ലൂക്കോ 24:49) *"ശക്തി"* ഗ്രീക്കിൽ *"ടു നാ മീസ്"*

1. സാത്താനെ ജയിയ്ക്കുവാനുള്ള ശക്തി

2. പാപത്തെ അതിജീവിയ്ക്കുവാനുള്ള ശക്തി

3. സഹിക്കുവാനുള്ള ശക്തി

ആത്മീകർ എന്ന് അവകാശപ്പെട്ടും തങ്ങൾ മറ്റുള്ളവരേക്കാൾ സത്യവചനം ശരിയായി പിൻപറ്റുന്നു എന്ന് പറയും. വിശുദ്ധന്മാരെപ്പോലെ സംസാരിക്കും. പക്ഷേ ആരെങ്കിലും ചെറുതായ ഒന്നു പ്രകോപിപ്പിച്ചാൽ മറ്റുള്ളവരുടെ തല അടിച്ചു തകർക്കും. ആരേയും അതിശയിപ്പിയ്ക്കുന്ന വിധം ചീത്തവിളിക്കും. സിംഹത്തെപ്പോലെ അമറും. അവർക്ക് സഹിക്കുവാനുള്ള ശക്തി ഒട്ടും കാണുകയില്ല. അതിരാവിലെയോ മറ്റു സമയങ്ങളിലോ പ്രാർത്ഥിക്കയില്ല. നാം ആത്മീകർ എന്ന് പ്രവൃത്തിയിൽ കാണിക്കണം.

## 3. ആര് പറഞ്ഞാലും ഇല്ലെങ്കിലും സുവിശേഷ വേല ചെയ്യും (1 കൊരി 9:16)

ആത്മീകൻ സുവിശേഷവേലയെ വളരെ ലാഘവത്തോടെ കാണുകയില്ല. ഇതിനായിട്ടാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. വീട്, ധനം, മോട്ടോർ സൈക്കിൾ, കാർ, കോഴിബിരിയാണി, ആഹാരം, വസ്ത്രം, സുഖപ്രദമായ കിടക്കകൾ എല്ലാംതന്നെ. നാം എങ്ങനെയങ്കിലും സുവിശേഷം അറിയിച്ച് മനുഷ്യനെ നിത്യരാജ്യത്തിന് അവകാശിയാക്കണം എന്നതിനായി ദൈവം നമുക്ക് നൽകുന്നതാണ്. ജീവിതത്തിൽ വളരെ പ്രസംഗങ്ങൾ കേട്ട് വർഷങ്ങളായി സഭാരാധനയിൽ പങ്കെടുത്ത് കൂട്ടായ്മയിൽ പങ്കെടുത്ത് ഒരു വ്യക്തിപോലും നിങ്ങൾ മൂലം മാനസാന്തരപ്പെട്ടില്ല എങ്കിൽ നിങ്ങൾ ആത്മീകർ, ക്രിസ്ത്യാനി, ദൈവം തന്നോടു കൂടെ ഉണ്ട് എന്ന് പറയുന്നതിൽ അർത്ഥമില്ല. ആഴമായ് ചിന്തിച്ചു നോക്കുക. ഇതിന്റെയൊക്കെയും ഫലം എന്താണ്.

## 4. സാക്ഷികൾ ആകും (അപ്പോ 1:8)

ഈ വചനത്തിൽ പറയുന്ന സാക്ഷികൾ എന്ന വാക്ക് ഞായറാഴ്ച പതിവായി സഭാരാധനയിൽ തലവേദനയുണ്ടായിരുന്നു. പ്രാർത്ഥിച്ചു സൗഖ്യമായി എന്നു പറയുന്ന സാക്ഷി അല്ല.

ഗ്രീക്കിൽ 'മാർട്ടിയോ' Martx or Martio (greek) അതായത് രക്തസാക്ഷിയായ് ജീവിക്കുന്നത്, രക്തസാക്ഷിയായി മരിക്കുന്നത്. മരിക്കുന്നതിനേക്കാൾ രക്തസാക്ഷിയായ് ജീവിക്കുന്നത് വളരെ പ്രയാസമാണ്. പൗലോസ് പറയുന്നത് ഞാൻ അനുദിനവും മരിക്കുന്നു. ആത്മീകൻ ഏത് സാഹചര്യത്തിലും സാക്ഷ്യം നഷ്ടപ്പെടുത്തുകയില്ല. തന്റെ ജീവിതത്തിൽ എല്ലാ ഉപദ്രവങ്ങളും സഹിച്ച് ക്രിസ്തുവിനെ വെളിപ്പെടുത്തും. ഈ നാളുകളിൽ സുവിശേഷവേല അനേകർക്ക് ഉപജീവന മാർഗ്ഗമായി തീർന്നതിനാലും ദൈവത്തിന്റെ ക്ഷമയെ നിസ്സാരമായിക്കാണുന്നതിനാലും സാക്ഷ്യമില്ലാത്ത ജീവിതം അവരെ മാത്രമല്ല സാക്ഷ്യത്തോടെ ജീവിക്കുന്നവരെയും മറ്റുള്ളവർ തെറ്റിദ്ധരിക്കുവാൻ ഹേതുവാകുന്നു. ആത്മീകൻ എന്നത് അവന്റെ സാക്ഷ്യമുള്ള ജീവിതമാണ് സാക്ഷ്യമില്ലെങ്കിൽ അവൻ ആത്മീകനല്ല. സാക്ഷ്യമില്ല എങ്കിൽ ആയിരം ആഴമായ പ്രസംഗങ്ങൾ ചെയ്താലും ദൈവം പ്രവർത്തിക്കയില്ല എന്നത് നാം മറക്കരുത്.

**5. തനിക്കു ദൈവം നൽകിയ മുന്തിരി തോട്ടമായ സഭയിൽ നിലനിൽക്കും (മത്താ 20:1)**

മുന്തിരിതോട്ടം എന്നാൽ സഭ എന്ന് അർത്ഥം. ഇത് നമുക്ക് അറിയാവുന്നതാണ്. നാബോത്തിന് ഒരു മുന്തിരിതോട്ടം ഉണ്ടായിരുന്നു (1 രാജാ 21:1) ശലോമോന് ഒരു മുന്തിരിത്തോട്ടം (ഉത്തമ 8:11) എന്റെ പ്രിയതമന് ഒരു മുന്തിരിത്തോട്ടം (യെശ 5:1) യേശുവിന് ഒരു തോട്ടം ഉണ്ടായിരുന്നു (യോഹ 18:1). ഇതുപോലെ ഓരോ വിശ്വാസിക്കും ഒരു തോട്ടം ഉണ്ട്. അത് പ്രാർത്ഥിച്ച് തിരഞ്ഞെടുക്കുണം. സാധാരണ പലരും പറയുന്നത് അതും ഒരു സഭയല്ലേ, അവിടെയും തിരുവചനമല്ലേ പ്രബോധിപ്പിക്കുന്നത്. അവിടെയും യേശുവിനെ അല്ലേ ആരാധിക്കുന്നത് എന്ന് പറഞ്ഞു പല സഭയിലും ചെന്നിട്ട് വഴിതെറ്റി വക്രഗതിയുള്ള നക്ഷത്രങ്ങൾ എന്ന് യൂദായുടെ ലേഖനത്തിൽ പറയുന്നതുപോലെ അലഞ്ഞ് അവസാനം ഒരു സഭയും ശരിയല്ല എന്നു പറഞ്ഞ് അവർ തന്നേ ദൈവം പറയാതെ ഒരു സഭ ആരംഭിക്കുന്നു. 100 ശതമാനം നല്ല സഭ ആഗ്രഹിക്കുന്നവർക്ക് ഉടനടിയായ് സ്വർഗ്ഗരാജ്യത്തിലേക്ക് ചെല്ലാം. എന്നാൽ 75 ശതമാനം മാത്രം നല്ല സഭ എവിടെ ഉണ്ട് എന്ന് അന്വേഷിച്ച് കണ്ടുപിടിക്കുക. നാം സഭ മാറ്റുന്നതിനല്ല. സഭ നമ്മെ മാറ്റുന്നതാണ് വിഷയം. സഭ മാറണമെങ്കിൽ ചില പ്രത്യേകകാരണങ്ങളാൽ : (1) സ്ത്രീ വിഷയത്തിൽ ഒരു പാസ്റ്റർ അഥവാ ശുശ്രൂഷകൻ പാപത്തിൽ വീണാൽ (2) ഒരു പാസ്റ്റർ തന്റെ വരുമാനത്തിൽ കവിഞ്ഞ് തന്റെ കുടുംബത്തിനായി സ്വത്ത് സമ്പാദിക്കുവാൻ തുടങ്ങിയാൽ (3) പാസ്റ്റർ തെറ്റായ ഉപദേശം പഠിപ്പിച്ചാൽ. അല്ലാതെ നിസ്സാര പ്രശ്നങ്ങൾക്കായി സഭ മാറുന്നത് ശരിയല്ല.

ആത്മീകൻ ദൈവം തന്റെ വേലക്കായി അവനെ ആക്കിയ തോട്ടത്തിൽ (സഭയിൽ) ഇരുന്ന്. ശുശ്രൂഷ ചെയ്ത് അതിന്റെ പ്രതിഫലം പ്രാപിക്കും. നാമെല്ലാവരും ഒരുനാൾ, ഒരു സ്ഥലത്ത് ഒരിടയൻ, യേശുവിന്റെ കീഴിൽ, ഇരിക്കും എന്നത് മറന്നു കളയരുത്.

## ജാമക്കാരൻ ആവശ്യപ്പെടുന്നവർ

ചിലർ മണി ഓർഡർ അയച്ചിട്ടു ജാമക്കാരൻ എന്തുകൊണ്ടു ഇതുവരെ ഞങ്ങൾക്ക് അയച്ചിട്ടില്ല എന്ന ദേഷ്യത്തോടെ കത്തെഴുതുന്നു. ഇപ്പോഴുള്ള E.M.O യിൽ എന്തിനുവേണ്ടി അയയ്ക്കുന്നു എന്നുള്ള സൗകര്യം ഉണ്ട്. ജാമക്കാരനു വരിസംഖ്യയില്ല. അതുകൊണ്ട് പുതുതായി ജാമക്കാരൻ ആവശ്യമുള്ളവർ നിങ്ങളുടെ മുഴു അഡ്രസ്സ് (വലിയ അക്ഷരത്തിൽ) പിൻകോഡ് സഹിതം ഫോൺ നമ്പരും അറിയിക്കുന്നത് സൗകര്യമായിരിക്കും. ജാമക്കാരൻ ഒരു മാസം തമിഴ് അടുത്തമാസം മലയാളം എന്നിങ്ങനെ പ്രിന്റ് ചെയ്തു അയയ്ക്കുന്നു. ഇന്റർനെറ്റിൽ വരുന്ന മാസിക ഡൗൺലോഡ് ചെയ്തു അതു മറ്റുള്ളവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

## Speed Post

ചില പ്രത്യേക സ്ഥലങ്ങളിൽ ജാമക്കാരൻ മാസിക വീടുകളിൽ എത്തിക്കാതെ തടുക്കുന്നു. അങ്ങനെയുള്ളവർക്കു ജാമക്കാരൻ സ്പീഡ് പോസ്റ്റിൽ അയച്ചുകൊടുക്കുന്നതാണ്. നിങ്ങളിൽ ആർക്കെങ്കിലും ജാമക്കാരൻ മാസിക എത്തിച്ചേരുന്നതിനു തുടർന്നു തടസ്സം ഉണ്ടെങ്കിൽ അറിയിച്ചാൽ അങ്ങനെയുള്ളവർക്കു സ്പീഡ് പോസ്റ്റിൽ ജാമക്കാരൻ അയച്ചു തരുന്നതാണ്.

## ഫോണിൽ ബന്ധപ്പെടുവാനാഗ്രഹിക്കുന്നവരുടെ ശ്രദ്ധയ്ക്ക്

എന്നെ ഫോണിൽ കൂടെ ബന്ധപ്പെടുവാൻ സാധിയ്ക്കുന്നില്ല. നിങ്ങളുടെ ഫോൺ എപ്പോഴും തിരക്കിലാണ്. വിളിച്ചാൽ ആരും എടുക്കുന്നില്ല എന്നുള്ള പരാതികൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ചൊവ്വാഴ്ച ഒരു ദിവസം മാത്രമേ ഞാൻ വീട്ടിൽ കാണുകയുള്ളൂ. അതിരാവിലെ മുതൽ നൂറുകണക്കിന് കോളുകൾ വരാറുണ്ട്. എന്റെ വീട്ടിൽ 4 ഫോണുകളുണ്ട്. ഒരാളോടു സംസാരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ എങ്ങനെയാണ് അടുത്ത ഫോണിൽ വിളിച്ചാൽ സംസാരിയ്ക്കുക. ഒരാളോടു സംസാരിച്ചു അവർക്കു ആലോചന നൽകി പ്രാർത്ഥിച്ചു കഴിഞ്ഞ ശേഷമേ അടുത്ത call അറ്റന്റു ചെയ്യുവാൻ സാധിയ്ക്കുകയുള്ളൂ. എനിയ്ക്കു ഓഫീസ് റിസപ്ഷനിസ്റ്റ് ഇല്ല. ഡോക്ടർ മറ്റേ ഫോണിൽ സംസാരിച്ചുകൊണ്ടിയിരിയ്ക്കുന്നു എന്നു പറഞ്ഞു സഹായിയ്ക്കുവാനും ആരുമില്ല. ഇതിനായിട്ടു ആളുകളെ നിയമിച്ചിട്ടും കാര്യമില്ല. കാരണം ഞാൻ വീട്ടിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ കാണുകയുള്ളൂ. എന്റെ ഭാര്യ അനേകർക്കു പ്രാർത്ഥിച്ചു ആലോചനയും പറയുന്നുണ്ട്. അതുകൊണ്ടു എന്നെ ഫോണിൽ ബന്ധപ്പെടാൻ കഴിയാത്തവർ നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പുകൾ, സംശയങ്ങൾ, ആലോചനകൾ കത്തു മുഖേനയോ ഇ-മെയിൽ മുഖേനയോ അറിയിയ്ക്കുക. ഉടൻ മറുപടി എഴുതിയില്ലായെങ്കിലും താമസിച്ചാലും നിശ്ചയമായും പ്രാർത്ഥിച്ചു മറുപടി അറിയിക്കും. ദയവായി സഹകരിയ്ക്കുക.

**MAY 2015**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.